പറയാൻ മറന്നത്...

2018 - 2019

nvalesco

ROYAL COLLEGE OF ARTS AND SCIENCE THRITHALA


നാം എന്ത് തിരഞ്ഞെടുക്കുന്നുവോ,
അതിനനുസരിച്ച് ചിന്തിച്ച്, പ്രവർത്തിച്ച്,
നാം തനിയെ സൃഷ്ടിച്ചെടുക്കുന്നതാണ്
നമ്മുടെ സ്വഭാവങ്ങളും ശീലങ്ങളും!

പറയാൻ മറന്നത്...

'ഒരുപാടുകാലം പറഞ്ഞ് തീരാത്തതും ഇനിയും ഓർത്തോർത്ത് പറയാൻ ബാക്കി വെച്ചത്

STATEMENT ABOUT OWNERSHIP

(For IV Rule 8)

Place of Publication	: Royal College of Arts and Science Thrithala
Printer's and Publisher's Name	: Geetha Rani P.K
Nationality	: Indian
Address	: Principal, Royal College of Arts and Science Thrithala, Palakkad
Editor Name	: Shreehari T.V
Address	: Student Editor Royal College of Arts and Science Thrithala, Palakkad
Periodity & Publication	: Annual
Name and Address of the Individual who own the Magazine	: Principal, Royal College of Arts and Science Thrithala, Palakkad
Type setting & Printing	: Mohammed Salih P.S & Alfa Changaramkulam

I Geetharani P.K herby declare that the particulars given above are true to the best of my knowledge and belief.

Sd/-
Geetha Rani P.K
Principal,
Royal College of Arts and Science
Thrithala, Palakkad

സ്വാർത്ഥ താൽപര്യമോ സ്തുതിക്കും സ്തുതിപാഠനത്തിനും വേണ്ടിയുള്ള മോഹമോ നിങ്ങളെ തിന്നരുത്. കാരണം യഥാർത്ഥ വിജയത്തിന്റെ മാനദണ്ഡം ആത്മാർത്ഥതയാണ്.

യഥാർത്ഥ പുഷ്പത്തിൽ നിന്ന് മാത്രമേ പരിമളം അടിച്ചുവീശുകയുള്ളൂ. കടലാസ് പുഷ്പങ്ങൾ അവ എത്ര മനോഹരമാണെങ്കിലും ഒരിക്കലും പരിമളം വിതറുകയില്ല. മതപരമായ തർക്കങ്ങളിൽ നിന്ന് വിട്ടുനിൽക്കണം. മറ്റുള്ളവരുടെ അഭിപ്രായങ്ങൾ മാനിക്കണം തന്റെ അഭിപ്രായങ്ങളെ സൗമ്യതയോടെ സ്നേഹപൂർവ്വം, നയത്തിൽ എതിരഭിപ്രായക്കാരെ കേൾപിക്കാൻ ശ്രമിക്കണം. അന്യോന്യം സത്യം ഗ്രഹിക്കുക എന്നതായിരിക്കണം ലക്ഷ്യം മറിച്ച് താൻ ഏതെങ്കിലും വിധത്തിൽ ജയിക്കണമെന്നാകരുത്.

Behind the Petals

Chief Editor	: Geetha Rani P.K
Staff Editor	: Maneesh T.M
Staff Advisor	: Supriya K.P
Student Editor	: Sreehari T.V
Editorial Board	: Munawir K.M
	Muhammed Swalih P.S
	Muhammed Ali P.R
	Syamjith K.S
	Ameer Ali
	Mohammed Valeed
	Mohammed Ajmal
	Muhammed Nusaib T.T
	Mohammed Hijas
Photos	: Jithin K.N, Ashkar Aseez, Anfas
Illustration &	
Cover Designing	: Abid Kolikkara
Layout & Printing	: Alfa Changaramkulam

എനിക്കും നിനക്കും...

കാലമേ...

നിന്റെ ഓർകൾക്കും...

Vision

Be a leading centre of Higher Learning all -round academic excellence along with core human values; a vibrant institution which enlightens the youth just as it enriches and empowers them and temains a resource centre for the larger community.

Mission

To fulfill meaningfully the higher educational aspiration of the young men and women of the socially and economically backward area by equipping them with enabling knowledge and skills for achieving upward mobility.

- To make every effort, as a young institution for horizontal and vertical growth with more custom made courses in diverse deciplins at UG levels with state of the art facilities for teching and learning.

- To strive continuously, to maintain and improve quality standard in all curricular and co-curricular activities creating a benchmark for excellence.

- To offer students a wholesome campus experience were they will learn along with the boundless pleasure of pursuing knowledge, the principale and practices of a harmonious vision of life to emerge as fine human bangs and worthy citizen of a dynamic plurastic, egalitarian world.

Message

തൃത്താല റോയൽ കോളേജ് ഓഫ് ആർട്സ് & സയൻസിലെ 2018-19 വർഷത്തെ യൂണിയന്റെ നേതൃത്വത്തിൽ ഒരു മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ വളരെയധികം സന്തോഷിക്കുന്നു.

വിദ്യാർത്ഥികളുടെ സർഗ്ഗാത്മക കഴിവുകൾ തെളിയിക്കുന്ന 'പറയാൻ മറന്നത്' എന്ന മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.

എന്ന്
അഷറഫ് അലി
ചെയർമാൻ
റോയൽ കോളേജ് തൃത്താല

Message

Ramesh Chennithala
Leader of Opposition

3 ആഗസ്റ്റ്, 2019

സന്ദേശം

തൃത്താല റോയൽ കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ് കലാലയ യൂണിയന്റെ ആഭിമുഖ്യത്തിൽ 'പറയാൻ മറന്നത്' എന്ന പേരിൽ ഒരു കോളേജ് മാഗസിൻ പ്രസിദ്ധീക രിക്കുന്നു എന്നറിഞ്ഞതിൽ എനിക്കു സന്തോഷമുണ്ട്.

സർഗ്ഗാത്മക സൃഷ്ടികൾ കോർത്തിണക്കി കൊണ്ട് തയ്യാറാക്കിയിട്ടുള്ള മാഗസിൻ ഏറെ പുതുമയുള്ളതായിരിക്കു മെന്ന് ഞാൻ കരുതുന്നു.

എന്റെ ആശംസകൾ.

രമേശ് ചെന്നിത്തല

Cantonment House, Vikas Bhavan P. O., Thiruvananthapuram-695 033
Phone-Office : 0471-2315625, 2512050 Fax : 0471-2315625 Res : 0471-2318330
Mobile : 9447777100, 9400355551 E-mail : rameshchennithala@gmail.com

Message

V. T. BALRAM
(THRITHALA)
MEMBER
KERALA LEGISLATIVE ASSEMBLY

PHONE :
THIRUVANANTHAPURAM : 0471-2512351
THRITHALA : 0466-2272333
MOBILE : 9895972376
NILA-49
M. L. A. HOSTEL
THIRUVANANTHAPURAM
E-mail : office@vtbalram.in
vtbalram@gmail.com
Web : www.vtbalram.in

CAMP....തൃത്താല....
DATE....02/08/2019

തൃത്താല റോയൽ ആർട്ട്സ് & സയൻസ്
കോളേജിലെ മാഗസിൻ "പറയാൻ മറന്നത്"
പുറത്തിറങ്ങുന്നതിൽ അതിയായ സന്തോഷമുണ്ട്.
ആവിഷ്കാര സ്വാതന്ത്ര്യത്തിന് വലിയ
ഭീഷണികൾ നേരിടേണ്ടി വരുന്ന
സമകാലിക ഇന്ത്യയിൽ വിദ്യാർത്ഥികളുടെ
തുറന്നുപറച്ചിലുകൾക്കും സർഗ്ഗാത്മക
ഇടപെടലുകൾക്കും ഏറെ പ്രസക്തിയുണ്ട്.
മാഗസിൻ സമിതിക്കും മുഴുവൻ വിദ്യാർത്ഥികൾക്കും
അഭിവാദനങ്ങൾ നേരുന്നു

സ്നേഹത്തോടെ

വി. ടി. ബൽറാം എംഎൽഎ



Message

It gives me immense pleasure to learn that the college union of our college is releaning a magazine with the caption "PARAYAN MARANNATH" during the academic year 2018 - 2019.

The accomplishment of this goal depands on the curricular, co-curricular and extra-curicular activities gone through by the students. I wish all success for those who giving guidance and support for the brave enteavor.

P.K.Geetha Rani
Principal

Message

Supriya K.P

Vice Principal

The Magazine is a platform for displaying your literary, artistic, and scholastic skills, Your initiative to write, draw, sketch, and paint shall have an important bearing in your future life. I congratulate all those who have earnestly worked to bring for this issue and hope your efforts will not disappoint the readers.

Ayishathul Misiriya T P

HOD, Commerce Department

A College union Magazine is a Medium of expresion. Which reflects the image and standards attained by the college. I wish all success for this initiative.

Jisha V C

HOD, English Department

I hope that to will inspire students to know more about activity and current affairs. I wish all success for this initiative.

Abdul Azeez & sons

MP GROUP

ചാച്ചൂസ്

വെഡ്ഡിംഗ് സെന്റർ & ഷോപ്പിംഗ് സെന്റർ

ടി.ടി.കോംപ്ലക്സ്, തൃത്താല 9447623050

കോളോജ് യൂനിഫോം, ഡ്രസ്സ് കോഡുകൾ എന്നിവ ചെയ്തുകൊടുക്കുന്നു.

Message

അനുഭവങ്ങളുടെ സർഗാത്മക ആവിഷ്കാരമാണ് എഴുത്ത്. നന്മ വറ്റിയ നവലോക ക്രമത്തിൽ, ഇന്നിന്റെ യുവത്വം നന്മയുടെ പ്രകാശമായി മാറേണ്ടവരാണ്. ജീവിത വഴിത്താരയിൽ ജ്വലിക്കുന്ന നക്ഷത്രങ്ങളായി മാറാൻ ചിന്തയും പ്രവർത്തിയും ലക്ഷ്യബോധവും നിങ്ങളിൽ ഓരോരുത്തരിലും ഉണ്ടാകട്ടെയെന്ന് ആത്മാർത്ഥമായി ആശംസിക്കുന്നു.

ദിലീപ് ടി
(Asst.Professor)

ചിത്ര കെ
(Asst.Professor)

സംഗീത എം.ജി
(Asst.Professor)

നസില സി
(Asst.Professor)

പ്രസീത സി കെ
(Asst.Professor)

സന്ധ്യ
(Asst.Professor)

ദിവ്യ വി ജെ
(Asst.Professor)

സൗമ്യ
(Asst.Professor)

ജിഷ്ണ വി ആർ
(Asst.Professor)

ബൽക്കീസ്
(Asst.Professor)

ഹുമൈറ എം
(Asst.Professor)

പറഞ്ഞു തീർന്നവ...

എന്റെ റോയൽ എന്റെ അഭിമാനം

റിപ്പോർട്ടുകൾ

ലേഖനങ്ങൾ

കവിതകൾ

കഥകൾ

ചിത്രങ്ങൾ

പലവക

www.whykol.com www.whykol.com www...
ഒരാളുടെ മനസ്സ്
പവിത്രമാണെങ്കിൽ,
അയാളുടെ ചുറ്റുപാടും
പവിത്രമായിരിക്കും!

എന്റെ റോയൽ എന്റെ അഭിമാനം

- പടിയിറങ്ങുമ്പോൾ ഓർമ്മയിൽ സൂക്ഷിക്കാൻ ഒരുപാട് നല്ല ഓർമ്മകൾ ഉണ്ടാകും. കൂടെ എന്നിലെ വളർച്ചയിൽ എനിക്കൊപ്പം കൂടെയുണ്ടായിരുന്ന നല്ല സൗഹൃദങ്ങളും അധ്യാപകരും എവിടെയായാലും ഈ ഓർമ്മകളിൽ ഉണ്ടാവും - Mhd Ali PR 3rd Bcom

- പടിയിറങ്ങുമ്പോൾ ഓർമ്മയിൽ സൂക്ഷിക്കാൻ ഒരുപാട് നല്ല ഓർമ്മകൾ ഉണ്ടാകും. കൂടെ എന്നിലെ വളർച്ചയിൽ എനിക്കൊപ്പം കൂടെയുണ്ടായിരുന്ന നല്ല സൗഹൃദങ്ങളും അധ്യാപകരും എവിടെയായാലും ഈ ഓർമ്മകളിൽ ഉണ്ടാവും

Mhd Ali PR 3rd Bcom

- പല തരത്തിലുള്ള അനുഭവങ്ങൾ ലഭിച്ചൊരിടമാണ് ഈ കോളേജ്. അഭിപ്രായം പറയാനും ഓരോ കാര്യങ്ങൾക്ക് മുൻപന്തിയിൽ എത്താനും ഇവിടെ ഒരു വേദിയായി. ഒരുപാട് സൗഹൃദങ്ങൾ റോയൽ സമ്മാനിച്ചു.

Syamjith 3rd Bcom

- വളരെ മനോഹരമായ അനുഭവങ്ങളാണ് ഈ റോയൽ എനിക്ക് സമ്മാനിച്ചത്.

Niyas KK 3rd BBA

- റോയൽ എനിക്ക് എപ്പോഴും സ്പെഷ്യൽ ആണ്. ഒത്തിരി സന്തോഷങ്ങൾ, ഒത്തിരി അവസരങ്ങൾ ഈ റോയൽ എന്റെ ജീവിതത്തിൽ നൽകിയിട്ടുണ്ട്. റോയലിന് നന്ദി.

Nikhil Gireesh 3rd Bcom

- ഭാവിയിൽ ഓർത്തു ചിരിക്കാൻ രുപാട് നല്ല സ്മരണകളും ഒരുപിടി സൗഹൃദങ്ങളുമായി പടിയിറങ്ങുമ്പോൾ അതു തന്നെയാണ് ഈ കോളേജ് എനിക്ക് തന്ന ഏറ്റവും നല്ല സമ്മാനം

Anwar Sadath 3rd Bcom

എന്റെ റോയൽ
എന്റെ അഭിമാനം

- അവസരങ്ങൾ തന്നു പ്രോത്സാഹിപ്പിക്കുന്ന അനുഭവങ്ങളുടെ കേന്ദ്രമായ റോയൽ ഒരിക്കലും മറക്കാൻ കഴിയാത്ത ഒരു അനുഭവമാണ്

Sreejith 3rd Bcom

- റോയൽ കോളേജ് വളരെ നല്ല കോളേജാണ്. ഇവിടുത്തെ അധ്യാപകർ എല്ലാം തന്നെ ഫ്രണ്ട്ലി ആണ്. എല്ലാവരും എല്ലാ കാര്യത്തിനും പ്രത്യേകിച്ചു പഠിക്കുവാനും സഹായിച്ചു.

Fahad EK 3rd BBA

- എന്റെ ജീവിതത്തിൽ എനിക്ക് തന്ന നല്ല എല്ലാ ഓർമ്മകൾക്കും റോയലിന് നന്ദി. എവിടെയും ചേർന്ന് പോകാൻ തന്ന ധൈര്യത്തിനും ആത്മവിശ്വാസത്തിനും നന്ദി

Midhun PU 3rd Bcom

- എന്നോടൊപ്പം അലിഞ്ഞു ചേർന്ന അവയവം

Nikhil Gireesh K 3rd Bcom

- It was an honor to be a part of this wonderful institution and, I thank Royal for all the cherishing experiences

- Mhd Swalih ps 3rd Bcom

എന്റെ റോയൽ
എന്റെ അഭിമാനം

Being part of Royal family has been one of the best experiences I have had in my life. It has helped me to be a better person

- Neeshma 3rd Bcom

Royal a place of hope for students ad their dreams. This place taught me to dream big and see that there is still a spark in me which I have to ignite and move forward in my life

-Risana Km 3rd Bcom

Beautiful college - Arifa 3rd Bcom

I cant put my Feelings for royal into words.
I love this place - Shahabas K 3rd BBA

Through royal I understood my self.
Broken but not shattered - Ajmal T 3rd Bcom

one of the best face of my life now
I feel like behind divorced - Asla thasni pp 3rd Bcom

Thank you royal for making me a more adaptable person - Valeed 3rd BBA

എന്റെ റോയൽ
എന്റെ അഭിമാനം

It was a different Experience. The days we worked together I the soil. For digging a rain water pit, memories to cherish - Jibil 3rd BA

I feel very good about this college which follows its on traditional values - Anees 3rd Bcom

Royal college has gifted me many won-derful experience - Vieesh 3rd Bcom

Good moments of life - Jahfar 3rd BA

I love this place - Megha 3rd Bcom

Royal gave me good experience and most beautiful friends - Bilal 3rd Bcom

Royal will always is special. Close to my heart. I will try to uphold what all I learned from here - Abimanyu 3rd Bcom

Never ending experiences to learn - Shihab 3rd BBA

Royal gave me a lot of memories with my friend and its been the best part of my life Nisamudheen 3rd Bcom

A different feeling about the college as it has give me a bench of carig friends and teachers - Faisal 3rd Bcom

Thank you royal for giving me the most beautiful moments in life - Fayas 3rd BA

എന്റെ റോയൽ എന്റെ അഭിമാനം



Happy to become a royal life. Big thanks to my teachers and friends - Hijas 3rd BBA

I got lots of sweet moments to cherish Impossible to pickup one - Nusaib 3rd Bcom

Royal gave me a lot of good memories and experiences. I will miss the good days and spend here - Vinisha 3rd Bcom

It was different experience it was a simple life with a great 'we' feeling - Aslam ibrahim 3rd Bcom

Thank you royal for giving me a lot of personal and professional learning - Sangeetha 3rd BA

I just want to say. "Thank you" for the memories. - Ramsheena 3rd BA

Days in royal were colorful and filled with opportunities - Dilshana 3rd Bcom

Thankful to royal for giving great opportunities and experience - Raisha 3rd Bcom

Thank you royal for givig me an opportunities to study here - Mhd Ashik P 3rd BBA

I was really a different experience. I have chaged a lot personally ad thank you Royal - Vibitha 3rd Bcom

update
your
dream
iCON
BATH GALLERY
TILES | GRANITE | SANITARY
BATHROOM FITTING | COOCKER HOODS
Near SBI Bank Koottanad Road, THRITHALA
iconbathgallery@gmail.com
9072 922 357 | 9847 871 456
Parryware
Jaquar
CERA
SOMANY
Lamit
CITRA
MIDAS sanitaryware
JOHNSON
Kajaria
MARBITO
VITRIFIED TILES

SINCE 1970
PVK
SHOPPING POINT
Opp. Juma Masjid, South Trithala
+91 9447088989

റിപ്പോർട്ടുകൾ...

പോയ വർഷത്തെ
എഴുതി തീർത്ത കണക്കുകൾ. . .

ANNUAL REPORT

Trithala is a beautiful village embrased by the holy river nila. The name trithala is believed to have been linked with the great mythologically renouned traditional pandit mezhathol aghrihothri. This village and it's surroundings have given birth to the natured many a luminaries of malayalam literary horizon like M.T Vasudevan nair, Akkitham, Achuthan Namboodiri etc. Inspire of all these plus points I proudly announced these emergence of ROYAL COLLEGE OF ARTS AND SCIENCE under Al - noor educational Trust working as self-financing college affiliated university of calicut . The courses offered during academic year 2018-19 are BA-ENG, BBA finance ,b.com co-corporation and b.com computer application . Nearly 400 students are studying in our college.

Now a days PTA plays an important role in the progress and development . Of each and every educational institutions. We also formed PTA under the presidentship of the principal . mr. Manikandan (parent) was elected on the vice president. A committee was also formed comprising five members from the teachers including the office bearers .

University union election was conducted on September 3rd 2018. And UDSF got the union, and our students celebrated victory day and union inauguration.

Under the invalesco union the college celebrated our arts fest on 19th and 20th December 2018. it was inaugurated by the film artist Bineesh Bastin I formal function president over by the principal and our chief guest VT Balram MLA and our college chairman Mr Asharafali M.m . we also had women cell In our college.

Before concluding here be proudly informing the students 2018-19 result. The final year students are all performed very well and they got good students.

Now let me conclude this brief report of the various activities both curricular, extra curricular with a Positive role that we are anticipating a bright and prosperon year ahead by introducing real couses and expanding infrastructural facilities.

കോളേജ് യൂണിയൻ
റിപ്പോർട്ട് 2018 - 2019

2018-19 വർഷത്തെ യൂണിയന്റെ ആഭിമുഖ്യത്തിൽ സർഗാത്മകമായ ഒട്ടേറെ പ്രവർത്തനങ്ങൾക്ക് തൃത്താല റോയൽ കോളേജ് വേദിയായി. വിജയകരമായ പ്രവർനങ്ങൾക്ക് നേതൃത്വം നൽകി ശ്രീ അഷ്റഫ് അലി കോളേജ് ചെയർമാൻ ശ്രീമതി ഗീതാറാണി (കോളേജ് പ്രിൻസിപ്പള്), ശ്രീ ഉണ്ണികൃഷ്ണന് (vice principle) മനീഷ് Tm (staff editor) എന്നീ അദ്യാപകരേയും, മുഹമ്മദ് സ്വാലിഹ് (Magazine typewriter) മറ്റു യൂണിയൻ ഭാരവാഹിളേയും അതോടൊപ്പം പ്രസ്തുത പ്രവർത്തനങ്ങൾ ഏറ്റെടുത്ത് വിജയകരമാക്കുവാൻ സഹകരിച്ച വിദ്യാർത്ഥി വിദ്യാർത്ഥിനികളെയും അദ്യാപക അനധ്യാപകരേയും നന്ദിയോടെ സ്മരിക്കുന്നു.

പാരതന്ത്രത്തിന്റെ ഇരുൾമാറി പ്രതീക്ഷയുടെ നീലാകാശത്തു നിന്ന് മഴ മണിമുത്തുകൾ പെയ്തിറങ്ങി. മണ്ണിൽ നസീമ സൗഹൃദത്തിന്റെ ഹരിതശോഭ. വിടരാൻ മടിച്ചു നിന്ന നന്മയുടെ മുല്ലമൊട്ടുകൾ വിരിഞ്ഞ് സൗരഭ്യം പരത്തി. ആഗസ്റ്റ് 23 സംഘടനാ തലത്തില് 2018-19 അദ്ധ്യായന വർഷത്തെ കോളേജ് തിരഞ്ഞെടുപ്പ് സമാധാന അന്തരീക്ഷത്തിൽ നടന്നു.

സമാധാനത്തിന്റെ വെള്ളരിപ്രാവുകൾ പാറിപ്പറന്ന അറിവിന്റെ നീലാകാശത്തിൽ സൗഹൃദത്തിന്റെ ജ്വലിക്കുന്ന ദീപ ശിഖ കൈകളിലേന്തി യവന് ഭൂരിപക്ഷത്തോടെ 2018-19 അദ്ധ്യായന വർഷത്തെ റോയൽ കോളേജിന്റെ ഭരണ സാരഥ്യം ഇവർ ഏറ്റെടുത്തു.

1. ചെയർമാൻ ജിതേഷ്
2. വൈസ് ചെയർപെഴ്സൺ അമീറ
3. ജനറൽ സെക്രട്ടറി മുനവിർ കെഎം
4. ജോയിന്റ് സെക്രട്ടറി ചിത്ര
5. യു യു സി മുഹമ്മദ് വലീദ്
6. ജനറൽ ക്യാപ്റ്റൻ അമീറലി
7. ചീഫ് സ്റ്റുഡന്റ് എഡിറ്റർ ശ്രീഹരി
8. ഫൈൻ ആർട്സ് സെക്രട്ടറി മുഹമ്മദ് നിയാസ്

Year base Representative :

1. 3rd DC അരുണ്ബാബു
2. 2nd DC മുഹമ്മദ് അജ്മല്
3. 1st DC നിയാസ്

Department പ്രതിനിധികള് :

1. കൊമേഴ്സ് മുഹമ്മദ് ഫൈസൽ വി എ
2. ബിഎ മുഹ്സിന

വിദ്യാർഥിത്ഥ്യം സംരക്ഷിക്കാൻ. ഫാസിസവും അക്രമവുമില്ലാത്ത അറിവിന്റെ അക്ഷരലോകത്തിലേക്ക് നല്ല സുഹൃത്തുക്കളായി തീരാൻ .. നമ്മളൊന്നാണെന്ന മുദ്രാവാക്യം മുഴക്കിക്കൊണ്ട് 392018 കോളേജ് പ്രിൻസിപ്പൾ ചൊല്ലിക്കൊടുത്ത സത്യപ്രതിജ്ഞ ഏറ്റുചൊല്ലി 201819 അദ്ധ്യായന വർഷത്തെ കോളേജ് യൂണിയൻ ഭരണം ഏറ്റെടുത്തു.

1. കോളേജ് യൂണിയൻഉദ്ഘാടനം

2018 ഒക്ടോബർ 24 ന് തൃത്താല MLA ഭദ്രദീപം കൊളുത്തി നവസർഗാത്മക യൂണിയന്റെ ഉദ്ഘാടനം നിർവഹിച്ചു. അതോടൊപ്പം പ്രശസ്ത കോമഡിതാരം കലാഭവൻ ബിജു അതിഥിയായി ചടങ്ങിൽ പങ്കെടുത്തു.
അതോടൊപ്പം കോളേജ് പ്രിൻസിപ്പൾ ശ്രീ ഗീതാറാണി യൂണിയൻ നാമകരണം നടത്തി. Invalesco യൂണിയന്റെ വക വിദ്യാർത്ഥികൾക്ക് മധുരം നൽകി. പ്രോഗ്രാമിനോട് അനുബന്ധിച്ച് Invalesco യൂണിയൻ അദ്ധ്യാപകരും യൂണിയൻ ഭാരവാഹികളും വിദ്യാർത്ഥികളും ആശംസകൾ അറിയിച്ചു. ഉച്ചക്ക് 2 മണിക്ക് ശേഷം യൂണിയൻ ഭാരവാഹികളുടെ നേതൃത്വത്തിൽ ഗാനമേളയും മറ്റു കലാ പരിപാടികളും അരങ്ങേറി. നാലുമണിയോടെ യൂണിയൻ പരിപാടികൾക്ക് സമാപനം കുറിച്ചു.

2. ആർട്സ് ഫെസ്റ്റിവൽ റോയല്ഫെസ്റ്റ് 2018

സർഗ വൈഭവങ്ങളുടെ വെളിച്ചം പകർന്നുകൊണ്ട് ഡിസംബർ 19 കോളേജ് ആർട്സ് ഫെസ്റ്റിവൽ പ്രശസ്ത മലയാള തമിഴ് സിനിമാ താരം ശ്രീ ബിനീഷ് ബാസ്റ്റിന് ഉദ്ഘാടനം ചെയ്തു.

തുടർന്നുള്ള 20, 21 ദിവസങ്ങളിൽ സ്റ്റേജിൽ മത്സരങ്ങൾ വിജയകരമായി നടത്തപ്പെട്ടു.

3. ക്രിസ്തുമസ് / ന്യൂയർ ആഘോഷം

2018 വർഷാവസാനത്തിൽ ക്രിസ്തുമസ് ആഘോഷങ്ങൾക്ക് കലാലയം വേദിയായി. ഡിപ്പാർട്ടുമെന്റുകളുടെ സഹകരണത്താൽ പുൽക്കൂട് നിർമ്മാണം ഗ്രീറ്റിംഗ് കാർഡ് നിർമാണം, കരോൾ ഗാനം തുടങ്ങിയ മത്സരങ്ങൾ നടത്തി. ക്രിസ്തുമസ് പപ്പായുടെ മധുര വിതരണവും നടന്നു.

4. കോളേജ് ഗെയിംസ് Invalesco-2019

2019 ജനുവരി 15, 16 ന് വിദ്യാർത്ഥികൾക്കായി കോളേജ് ഗെയിംസ് സംഘടിപ്പിച്ചു. GCഅമീർ അലിയുടെ നേതൃത്വത്തിൽ ഫുട്ബോൾ ബാറ്റ്മിന്റൺ വോളിബോൾ ഷോർട്ട്പുട്ട് തുടങ്ങിയവ നടത്തി വിജയികളെ തിരഞ്ഞെടുത്തു.

5. ഫിലിം ഫെസ്റ്റ് Invalesco 2019

വിദ്യാർത്ഥികളുടെ വിനോദത്തിനായി അവരുടെ ആഗ്രഹം തിരിച്ചറിഞ്ഞ് 2019 യൂണിയന്റെവക വിദ്യാർത്ഥികൾക്ക് ഫിലിം ഫെസ്റ്റ് നടത്തി.

6. Accounting Class

commerce rep മുഹമ്മദ് ഫൈസലിന്റെ നേതൃത്വത്തില് 3rd years ന് സുധീര്കുമാര് Income tax ക്ലാസ്സ എടുത്തുകൊടുത്തു.

7. UUC അദാലത്ത്

2019 ജനുവരി യു യു സി ആയ മുഹമ്മദ് വലീദിന്റെ നേതൃത്വത്തിൽ യുയുസി അദാലത്ത് സംഘടിപ്പിച്ചു. യൂണിവേർസിറ്റി സംബന്ധമായി വിദ്യാർത്ഥികൾക്കിടയിൽ നില നിന്നിരുന്ന പ്രശ്നങ്ങൾ തിരിച്ചറിയുകയും അതിനായുള്ള നടപടികൾ കൈകൊള്ളുകയും ചെയ്തു.

8. Campus Talk @ 2019

2019 ലെ വാലന്റൈൻസ് ഡേ യുമായി ബന്ധപ്പെട്ട് വർത്തമാന കാലത്തെ പ്രണയം എന്ന വിശയത്തിൽ ടോക് ഷോ സംഘടിപ്പിച്ചു.

9. Flash mob

വാലന്റൈൻസ് ഡേയുമായി ബന്ധപ്പെട്ട് പുതുമയാർന്ന ദൃശ്യവിരുന്നൊരുക്കിക്കൊണ്ട് വിദ്യാർത്ഥികൾ കോളേജ് ക്യാമ്പസ്സിനു സമീപം ഫ്ളാഷ്മോബ് സംഘടിപ്പിച്ചു.

10. Motivation Class

തൃത്താല SI സാറിന്റെ ആഭിമുഖ്യത്തിൽ വിദ്യാർത്ഥികൾക്ക് അവേർനസ്സ് ക്ളാസ്സ് നടത്തി.

11. Penalty Shootout

കോപ അമേരിക്ക ഫുട്ബോൾ മത്സരവുമായി ബന്ധപ്പെട്ട് കോളേജ് ഗ്രൗണ്ടിൽ പെനാൽട്ടി ഷൂട്ടൗട്ട് സംഘടിപ്പിച്ചു.

12. Sport Magazine

മാഗസിന് സമിതിയുടെ ആഭിമുഖ്യത്തിൽ കോളേജ് ഡിപ്പാർട്ടുമെന്റുകളുടെ സഹകരണത്തോടെ ഫെബ്രുവരി മാസത്തിൽ സ്പോർട്ട് മാഗസിന് മത്സരം നടത്തി.

13. October 2 ഗാന്ധിജയന്തി

കോളേജിൽ ഗാന്ധിജയന്തിയുമായി ബന്ധപ്പെട്ട് യൂണിയന്റെ വക വിദ്യാർത്ഥികൾക്കായി ക്വിസ്സ്, കവിത രചന, കഥാ രചന, പോസ്റ്റർ എന്നിവ നടത്തി. അതിൽ വിജയികളെ തിരഞ്ഞെടുത്തു.

14. Magazine Committee

27 / 06 / 2019 കോളേജ് മാഗസിനുമായി ബന്ധപ്പെട്ട് യൂണിയന്റെ ഒരു മീറ്റിംഗ് കോളേജ് കാമ്പസിൽ വച്ച് ചേർന്നു. അതിൽ കോളേജ് principle ഗീതറാണി, മനീഷ് സർ (സ്റ്റാഫ് എഡിറ്റർ), മുഹമ്മദ് സ്വാലിഹിനേയും (Type writer) ഏൽപിച്ചു. Magazine help wing ആയി ശ്രീഹരി (മാഗസിന് എഡിറ്റർ), മുനവിർ (General Secretary) വലീദ് (U.U.C), അജ്മല് (2nd D.C), അമീര് (G.C) എന്നിവർ ഉള്ള ടീമിനെ ഏൽപിച്ചു.

15. ലോക ലഹരി വിരുദ്ധദിനം

ജൂണ് 26 ലോക ലഹരി വിരുദ്ധദിനത്തോടനുബന്ധിച്ച് വിദ്യാർത്ഥികൾക്ക് പ്രബോധനം നടത്തുകയും കോളേജ് ക്യാമ്പസിൽ പോസ്റ്റർ ഒട്ടിക്കുകയും ചെയ്തു. അതോടൊപ്പം ക്വിസ്സ് മത്സരം നടത്തി വിജയികളെ തിരഞ്ഞെടുത്തു സമ്മാനം നൽകി.

16. ബഷീർദിനം ജൂലൈ 5

പ്രശസ്ത കഥാകൃത്ത് വൈക്കം മുഹമ്മദ് ബഷീർ ഓർമദിനത്തോടനുബന്ധിച്ച് കോളേജ് ക്യാമ്പസിൽ പോസ്റ്റർ ഒട്ടിക്കുകയും പിന്നീട് ഉച്ചക്ക് 2 മണിക്ക് വിദ്യാർത്ഥികൾക്ക് ക്വിസ്സ് മത്സരം നടത്തുകയും ചെയ്തു. വിജയികളെ തിരഞ്ഞെടുത്ത് സമ്മാനം നൽകി.

17. വോളിബോൾ കോർട്ട്

വിദ്യാര്ത്ഥികളുടെ കായിക ക്ഷമത വര്ദ്ധിപ്പിക്കാന് വേണ്ടി G.Cഅമീർ അലി വിദ്യാര്ത്ഥികളുടെ ആവശ്യം മനസ്സിലാക്കി വോളിബോള് കോര്ട്ട് സ്ഥാപിച്ചു.

18. A zone മത്സരങ്ങൾ

G.C അമീറലിയുടെ നേതൃത്വത്തിൽ ബാറ്റ്മിന്റൺ, വോളിബോൾ, ഫുട്ബോൾ, ക്രിക്കറ്റ് എന്നീ ടീമുകൾ രൂപീകരിക്കുകയും ടീമുകൾക്ക് വിവിധ ജേഴ്സികൾ സ്പോൺസർ വാങ്ങി നൽകുകയും ചെയ്തു. കോളേജിനായി പുതിയ കബഡി ടീം രൂപീകരിക്കുകയും ചെയ്തു.

19. 2018 19 ടൂർണമെന്റ്

തൃത്താല ഗവൺമെന്റ് കോളേജുമായി റോയൽ കോളേജ് ഗ്രൗണ്ടിൽ സൗഹാർദ വോളിബോൾ മത്സരം നടത്തി വിജയികളെ കണ്ടെത്തി.

20. വാഗ്ദാനം

കോളേജിലേക്ക് യൂണിയൻ വാഗ്ദാനം നല്കിയതിനനുസരിച്ച് നോട്ടീസ് ബോർഡ്നൽകുകയും Et Muhammed Basheer MP, VT Balram MLA എന്നിവരുടെ സാന്നിദ്ധ്യത്തിൽ കോളേജ് യൂണിയൻ ഭാരവാഹികൾ പ്രൊജക്ടർ പ്രിൻസിപ്പളിന് നൽകുകയും ചെയ്തു. വിദ്യാർത്ഥികളുടെ ആവശ്യാനുസരണം മാനേജ്മെന്റിനും കോളേജ് അധികാരികൾക്കും നിവേദനം നൽകി ക്ലാസ് റൂമുകളിൽ 2 ഫാൻ വെച്ചു കൊടുത്തു. ലൈബ്രറിയിലേക്ക് യൂണിയന്റെ വക പുസ്തകങ്ങൾ നൽകി.

2018 19 കോളേജ് യൂണിയൻ വരവ് ചെലവ് കണക്കുകൾ

- പ്രവർത്തനങ്ങൾക്ക് ആകെ ചെലവ് വന്നത് : 123950 /-
- കോളേജ് മാനേജ്മെന്റിൽ നിന്നും കൈപറ്റിയത് : 20000/-
- വിദ്യാർത്ഥികളിൽ നിന്നും പിരിച്ചെടുത്തത് : 65950/-
- വിവിധ സ്ഥാപനങ്ങളിൽ നിന്നും പരസ്യത്തിൽ നിന്നും കൈപറ്റിയത്:8000/-
- മറ്റു സ്രോതസ്സുകളിൽ നിന്നും സംഭാവനയായി കൈപറ്റിയത് : 20000/
- യൂണിയൻ ഭാരവാഹികളിൽ നിന്നും കൈ പറ്റിയത് : 10000/-

2018 19 അദ്ധ്യായന വർഷത്തിലേക്കുള്ള യൂണിയൻ പ്രവർത്തനങ്ങൾക്ക് ആകെ ചിലവ് വന്നത് 123950 രൂപയാണ്. യൂണിയന് നടത്തിയ വിവിധ പരിപാടികളുടെ ചിലവ് വിവര കണക്ക് താഴെ കൊടുക്കുന്നു.

- യൂണിയൻ ഉദ്ഘാടനം : 17650/-
- ആർട്സ് ഫെസ്റ്റിവൽ : 87450/-
- സ്പോർട്സ് ഫെസ്റ്റിവൽ : 700/
- എസോണ് കലോത്സവം : 4000/
- പ്രൊജക്ടർ : 7000/
- മറ്റു ചിലവുകൾ : 7150/

ആകെ 123950/

2018 19 കാലയളവിലെ കോളേജ് യൂണിയൻ ഭാരവാഹികൾ ഓരോരുത്തരും അവരുടെ ഉത്തരവാദിത്വം ഭംഗിയായി നിർവഹിച്ചു എന്ന സംതൃപ്തിയോടെയാണ് ഈ യൂണിയൻ റിപ്പോർട്ട് നിങ്ങൾക്ക് മുന്നിൽ അവതരിപ്പിച്ചത്. തികഞ്ഞ സാമ്പത്തിക പരാതീനതകളുടെ നടുക്കളത്തിൽ നിന്നു കൊണ്ടാണ് കോളേജ് യൂണിയൻ ഈ പ്രവർത്തനങ്ങനങ്ങൾ എല്ലാം തന്നെ കാഴ്ചവെച്ചത്. കോളേജ് യൂണിയൻ സംഘടിപ്പിച്ചിട്ടുള്ള സകല പ്രവർത്തനങ്ങൾക്കും, താങ്ങും തണലുമായി നിന്ന പ്രിൻസിപ്പാളിനും കോളേജ് മാനേജ്മെന്റിനും അദ്ധ്യാപകർക്കും എല്ലാ വിദ്യാർത്ഥികൾക്കും, പരസ്യം നൽകി സഹായിച്ച വ്യാപാരി സുഹൃത്തുക്കൾക്കും സംഭാവന നൽകിയവർക്കും ഈ അവസരത്തിൽ നന്ദി അറിയിക്കുന്നു. അതോടൊപ്പം നിങ്ങളുടെ എവരുടേയും അംഗീകാരത്തിനായി ഈ റിപ്പോർട്ട് സമർപ്പിക്കുകയാണ്.

നന്ദിയോടെ
മുനവിര് കെഎം
കോളേജ്
യൂണിയന് ജനറല് സെക്രട്ടറി



ഓരോ വീടും ഓരോ വിദ്യാലയമാണ് മാതാപിതാക്കൾ അദ്ധ്യാപകരും..

ലേഖനങ്ങൾ...



പറഞ്ഞു തീർന്ന വാക്കുകൾ പെറുക്കിയെടുത്ത്
താളുകളിൽ ചേർത്തുവെച്ചപ്പോൾ. . .

Dileep T
Asst.Prof Commerce Department

ചരക്ക് സേവന നികുതി 2017 ജൂലൈ 1 മുതൽ നിലവിൽ വന്നു. ജൂൺ 30 ന് രാത്രി പാർലമെന്റ് ഹാളിൽ ഔദ്യോഗികമായി GSTലോഞ്ച് ചെയ്യപ്പെടും. വിവിധ മേഖകളിൽ നവീകരണമുണ്ടാക്കുമെന്ന് പ്രതീക്ഷിക്കപ്പെടുന്നു. ബിസിനസ്സ് ആകമാനം സാമ്പത്തികം എന്നിവയെല്ലാം പല വിധത്തിൽ GST സ്വാധീനിക്കും.

ഇന്ത്യയിൽ നടപ്പാക്കുന്ന ഏറ്റവും വലിയ നികുതി പരിഷ്കാരമാണ് GST. ഇന്ത്യ അതിന്റെ സങ്കീർണമായ നികുതി വ്യവസ്ഥക്കു പ്രസിദ്ധമാണ്. ഇതുകാരണം നവീന സംരംഭകർക്കും അന്തർസംസ്ഥാന കച്ചവടക്കാർക്കും പിന്തുടരാൻ പ്രയാസമുണ്ടാക്കുന്നു. ഉപഭോക്താക്കൾക്കിടയിലെ നികുതി വ്യവസ്ഥ സുതാര്യമല്ലാത്തത് കുറച്ചുപേർ നികുതി വ്യവസ്ഥക്ക് പുറത്ത് നിൽക്കുവാനും, സാധനങ്ങളുടെ വില വർദ്ധിക്കാനും കാരണമാകുന്നു. ഇതിനെല്ലാമുള്ള പരിഹാരം എന്ന നിലയിലാണ് GST വന്നത്.

ദേശിയ സംസ്ഥാന തലങ്ങളിലായി 2000 ത്തോളം പരോക്ഷ നികുതികളാണ് നിലവിലുള്ളത്. ഇവക്കെല്ലാം പകരമായി ഏർപ്പെടുത്തുന്ന ഏകീകൃതവും സംയോജിതവുമായ നികുതിയാണ് GST. ഒരു ഉത്പന്നത്തിന്റെ അടിസ്ഥാന വിലയിന്മേൽ എക്സൈസ് തീരുവയുണ്ട്. അടിസ്ഥാന വിലയും എക്സൈസ് തീരുവയും ചേർന്ന തുകയിന്മേൽ കേന്ദ്ര വിൽപന നികുതി കൂടിയുണ്ട്. ഇതെല്ലാം ചേർന്ന മൊത്ത വിലയിന്മേൽ സംസ്ഥാനം വക മൂല്യ വർദ്ധന നികുതി (VAT) പുറമെയാണ്. ഈ കൂട്ടുനികുതികൾക്കെല്ലാം പകരമായാണ് GST എന്ന ഒറ്റ നികുതി.

2017 മെയ് 18 ന് കൂടിയ GST കൗൺസിൽ യോഗത്തിൽ 98 അധ്യായങ്ങളിലായി 1211 ഇനങ്ങളുടെ GST നികുതി നിരക്ക് നിശ്ചയിച്ചത് പ്രസിദ്ധപ്പെടുത്തിക്കഴിഞ്ഞിരിക്കുന്നു.

സാധന സാമഗ്രികളുടെ ഉപയോഗം ആസ്പദമാക്കി ഓരോ പ്രദേശത്തെ ആശ്രയിച്ചിട്ടുള്ള നികുതിയാണ് GST. ഇവയുടെ നിർമ്മാണം മുതൽ ഉപഭോഗം വരെയുള്ള ഘട്ടത്തിൽ ചുമത്തപ്പെടുകയും ഓരോ ഘട്ടത്തിലും അടച്ച നികുതി കുറവ് ചെയ്ത് അടക്കാവുന്ന നികുതിയാണിത്. ഓരോ ഘട്ടത്തിലും ഉണ്ടാകുന്ന മൂല്യ വർദ്ധനത്തിനു മാത്രമുള്ള നികുതിയിൽ, നികുതിയുടെ ഭാരം അന്തിമ ഉപപോക്താവിനുമാത്രമായിരിക്കും എന്നുണ്ട്. കേന്ദ്ര സർക്കാർകേന്ദ്ര GST യും സംസ്ഥാന സർക്കാർ സ്റ്റേറ്റ് GSTയുമാണ് പ്രധാനമായി ഈ നികുതിയുടെ വക ഭേദങ്ങൾ.

നിലവിലെ അവസ്ഥ പ്രകാരമുള്ള നികുതികളുടെ മേൽ നികുതി എന്നതിന്റെ ദൂശ്യഫലങ്ങൾ ഒഴിവാക്കാനാവുന്നു എന്നൊരു പ്രത്യേകതയുമുണ്ട്. നിലവിലുള്ള പല ഉത്പന്നങ്ങളുടെ വിതരണവും കൂടുതൽ മത്സരക്ഷമമാകും. രാജ്യത്തിന്റെ സാമ്പത്തിക വളർച്ച മെച്ചപ്പെടുകയും കേന്ദ്രത്തിന്റെയും സംസ്ഥാനങ്ങളുടേയും വരുമാനം വർദ്ധിക്കുകയും ചെയ്യുന്നു. സുതാര്യ സ്വഭാവമുള്ള നികുതിയായതിനാൽ നടപ്പിലാക്കാനും വളരെ എളുപ്പമാണ് എന്നൊരു മേന്മയുമുണ്ട്. ചരക്കുകളും സേവനങ്ങളും വിതരണം ചെയ്യുന്ന, നികുതി വിധേയനായ ആളിനാണ് GST നികുതി അടക്കാൻ ബാദ്ധ്യതയുള്ളത്.

HSN (Harmonized System Nomendature) കോഡുപയോഗിച്ചാണ് ഈ നികുതി തരം തിരിക്കുന്നത്. ഒന്നരക്കോടിക്ക് മുകളിൽ 5 കോഡിക്ക് താഴെ ടേണോവർ ഉള്ളവർ 2 അക്ക കോഡും, 5 കോടിക്കുമുകളിൽ ടേണോവറുള്ളവർ 4 അക്ക കോടും ഉപയോഗിക്കുന്നു. ഒന്നരക്കോടിയിൽ താഴെ ടേണോവറുള്ളവർ HSN കോഡ് ഇൻവോയ്സിൽ കാണിക്കണമെന്നില്ല. സേവനങ്ങൾ സർവീസസ് അക്കൗണ്ടിംഗ് പ്രകാരം ഉറപ്പ് ചെയ്യണം. 0.5%, 12%, 18%, 28% എന്നിങ്ങനയാണ് ഉത്പന്നങ്ങൾക്ക് GST നിരക്ക്. 12 സംസ്ഥാനങ്ങൾ സംസ്ഥാന GST നിയമവും പാസാക്കി കഴിഞ്ഞിരുന്നു. അവയാണ് തെലുങ്കാന, ബീഹാർ, രാജസ്ഥാൻ, ജാർഖഡ്, ചത്തീസ്ഗഡ്, ഉത്തരാഖഡ്, മധ്യപ്രദേശ്, ഹരിയാന, ഗൂജറാത്ത്, ഡിഷ്യ, ആസാം, അരുണാചൽ പ്രദേശ് എന്നീ സംസ്ഥാനങ്ങളാണ്.

1993 ൽ നികുതിവ്യവസ്ഥയിൽ പരിഷ്കാരം ആവശ്യമാണെന്ന് നികുതി വിദഗ്ദ്ധന് രാജൻ ചെല്ലയ്യയുടെ നിർദ്ദേശത്തിനനുസരിച്ചാണ് GSTക്ക് തുടക്കമാകുന്നത്. 2003 ൽ വാജ്പേയ് സർക്കാർ തുടർ നടപടികൾക്ക് തുടക്കം കുറിച്ചു. 2010 ഏപ്രിൽ ഒന്നിന് നിലവിൽ വരുമെന്ന് മന്ത്രി പി ചിദംബരം പ്രഖ്യാപിച്ചെങ്കിലും നടപടികൾ നീണ്ടു. 2013 ൽ 15-ാം ലോക സഭ പിരിച്ചുവിട്ടതോടെ GST ബിൽ പാസായി. തുടർന്ന് 2014 ൽ ഭരണഘടന ഭേദഗതിയോടെ ബിൽ വീണ്ടും ലോകസഭയിൽ അവതരിപ്പിച്ചു. 2015 ൽ ലോകസഭയും 2016 ൽ രാജ്യസഭയും പാസാക്കിയതോയടെ ബിൽ പാസായി. 2017 ജൂലൈ 1 ന് ഔദ്യോഗികമായി GST നിയമം നിലവിൽ വന്നു.

ഒരു ഉത്പന്നം, ഒരു നിരക്ക് എന്നതായിരിക്കും GST നിലവിൽ വരുമ്പോഴുണ്ടാകുന്ന നേട്ടം. രാജ്യമാകെ ഒറ്റ കമ്പോളമായി മാറും. ഒരു രാജ്യം ഒരേയൊരു നികുതി എന്നതാണ് GST യുടെ അടിസ്ഥാന തത്വമെങ്കിലും ഇന്ത്യയിൽ ഈ തത്വം അതേപടി പാലിച്ചല്ല പരിഷ്കാരം നടപ്പക്കുന്നത്. ഉത്പന്നങ്ങളെ തരം തിരിച്ച് ആദ്യം നിരക്കുകളുണ്ടാക്കുക. 0.25% മുതൽ 28% വരെ. നേരത്തേ 5, 12, 18, 28 എന്നിങ്ങനെ 4 നിരക്കുകൾ മാത്രമേ നിശ്ചയിച്ചിരുന്നൊള്ളൂ. എന്നാൽ അസംസ്കൃത വജ്രത്തിനു 0.25% വും, സ്വർണ്ണത്തിന് 3% വും നികുതി നിശ്ചയിക്കപ്പെട്ടതോടെയാണ് നിരക്കുകളുടെ എണ്ണം 6 ലേക്ക് ഉയർന്നത്.

GST രജിസ്ട്രേഷൻ

വാർഷിക വിറ്റുവരവ് 20 ലക്ഷം രൂപയിൽ താഴെയാണെങ്കിൽ GST രജിസ്ട്രേഷൻ ആവശ്യമില്ല. GST നിയമപ്രകാരം നികുതി ഒഴിവുള്ള ഉത്പന്നങ്ങളും സേവനങ്ങളും ലഭ്യമാക്കുന്നവർക്കും രജിസ്ട്രേഷൻ വേണ്ട. കാർഷികോത്പന്നങ്ങളുടെ വിതരണത്തിൽ ഏർപ്പെട്ടിട്ടുള്ള കർഷകർക്കും രജിസ്ട്രേഷൻ ആവശ്യമില്ല. ഒരു സംസ്ഥാനത്തെ മാത്രം വിൽപനയല്ല ദേശീയ തലത്തിലുള്ള വിൽപനയാണ് വിറ്റുവരവ് നിർണയത്തിനടിസ്ഥാനം. അഖിലേന്ത്യാ അടിസ്ഥാനത്തിലാണ് മൊത്തം ടേണോവർ കണക്കാക്കുന്നത്. വടക്കു കിഴക്കൻ സംസ്ഥാനങ്ങൾക്കും സിക്കിമിനും ഈ പരിതി 10 ലക്ഷം രൂപയാണ്. ടേണോവറിന്റെ അടിസ്ഥാനത്തിൽ നികുതിയൊഴുവിനെ അർഹതയുള്ളവർക്ക് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എടുക്കുകയും നികുതിയടക്കാൻ ഓപ്ഷൻ എടുക്കുകയും ചെയ്യാം. മൊത്തം വാർഷിക ടേണോവറിന്റെ അടിസ്ഥാനത്തിൽ നികുതി ഇളവ് എടുക്കുന്നതിന് റിവേഴ്സ് ചാർജിൽ നികുതിയടക്കുന്നവരും അന്തർ സംസ്ഥാന സപ്ളൈ നടത്തുന്നവരും അർഹരല്ല.

GST യിൽ ലയിക്കുന്ന നികുതികൾ

വാറ്റ്, ക്രയനികുതി, പ്രവേശന നികുതി, തദ്ദേശസ്ഥാപന നികുതി, വിനോദ നികുതി, ആഡംബര നികുതി തുടങ്ങിയ സംസ്ഥാന നികുതികളും, കേന്ദ്ര എക്സൈസ് നികുതി, അഡീഷണൽ എക്സൈസ് നികുതി, കേന്ദ്ര വിൽപന നികുതി, അഡീഷണൽ കസ്റ്റംസ് ഡ്യൂട്ടി തുടങ്ങിയ കേന്ദ്ര നികുതികളും GSTയിൽ ലയിക്കുന്നവയാണ്.

ചരക്കു സേവന നികുതി മേഖലയിലെ അഴിമതി ഇല്ലാതാക്കുന്നതിനും കേന്ദ്ര സംസ്ഥാന സർക്കാറുകൾ തമ്മിലുള്ള നികുതി സമന്വയിപ്പിച്ച് ഒരു ദേശീയ സെയിൽസ് ടാക്സ് കൊണ്ടുവരുന്നതിനുമാണ് GST നടപ്പാക്കുന്നത്. 27% നികുതിയാണ് സർക്കാറിന്റെ പരിഗണനയിലുള്ളത്. രാജ്യാന്തര തലത്തിൽ 16% ആയിരിക്കെയാണ് ഇന്ത്യയിൽ 27% പരിഗണിക്കുന്നത്. അന്തർസംസ്ഥാന ക്രയവിക്രയങ്ങൾക്കായി IJST എന്ന തത്വത്തെ ആദാരമാക്കിയുള്ള നികുതി സംവിധാനം നടപ്പിലാക്കാനുള്ള നിർദ്ദേശം അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ഈ സംവിധാനത്തിൽ എല്ലാ അന്തർസംസ്ഥാന ക്രയവിക്രയങ്ങളിലും കേന്ദ്ര സർക്കാർ IGST പിരിക്കും. ഭരണഘടനയിൽ ഭേദഗതി വരുത്തി പുതുയ നികുതിഘടന ഏർപ്പെടുത്താൻ ശുപാർശ ചെയ്യുന്നതാണ്. പത്ത് ഭേദഗതി നിർദ്ദേശങ്ങൾ അടങ്ങുന്ന

ചരക്ക് സേവന നികുതി ബിൽ, /22-ാം ഭരണഘടന ഭേദഗതി ബില്ലാണിത്. GST നിലവിൽ വന്നതോടെ വാറ്റ് / വിൽപന നികുതി, വിനോദ നികുതി, ആഡംബര നികുതി, ലോട്ടറി, ചൂതുകളി, വാതുവെക്കൽ തുടങ്ങിയവയിന്മേലുള്ള നികുതികൾ, സംസ്ഥാനങ്ങൾ ചുമത്തുന്ന ബസ് ചാർജ്ജുകൾ, നഗരചുങ്കം എന്നിവ ഇല്ലാതാക്കാം.

മെയ് 5 ന് ബിൽ ലോക സഭയിൽ പാസ്സായി. തൃണമൂൽ കോൺഗ്രസ്, ബി ജനതാദള്, RSS എന്നീ കക്ഷികൾ ബില്ലിനെ തുണച്ചപ്പോൾ കോൺഗ്രസ് വോട്ടെടുപ്പിൽ നിന്നും വിട്ടുനിന്നു.

Benefits

നിർമാതാക്കൾ

- ഓൺലൈൻ - ഉപയോഗിക്കാൻ എളുപ്പം
- നികുതിഘടന ഏകീകരിക്കപ്പെട്ടു - വ്യാപാരം സുഘമം
- വിപണിയിലെ മത്സരം കൂടി
- ഉത്പാദന ചിലവ്കുറഞ്ഞു - കയറ്റുമതിക്കു ഗുണകരം

നിലവിൽ ഇന്ത്യയിലെ സാമ്പത്തിക മേഖലയുടെ വളർച്ച വർഷത്തിൽ ഏതാണ്ട് 8.5% ആണ്. വളർച്ചാ നിരക്ക് ഉയരുന്നത് സമ്പദ് വ്യവസ്ഥയുടെ വളർച്ചയെ സൂചിപ്പിക്കുന്നു. സാമ്പത്തിക നയങ്ങളും സ്ഥിരമായ വളർച്ചാ നിരക്ക് നില നിർത്താൻ പ്രാപ്തരാണ്.

കഴിഞ്ഞ ഏതാനും വർഷങ്ങളായി സാമ്പത്തിക നയങ്ങൾ, മാക്രോ സാമ്പത്തിക നയങ്ങൾ സംബന്ധിച്ച പരിഷ്കാരങ്ങൾ ഇന്ത്യൻ സമ്പദ് വ്യവസ്ഥയെ സ്വാദീനിച്ചു. ഫിനാൻഷ്യൽ മാർക്കറ്റ്, തുറക്കുന്നതിനുള്ള പ്രധാന നടപടികൾ, ഇന്ത്യയിലെ സാമ്പത്തിക മേഖലയുടെ വളർച്ചയെ നിയന്ത്രിക്കുന്ന ചട്ടങ്ങൾ റദ്ദാക്കലായിരുന്നു ദീർഘകാലാടിസ്ഥാനത്തിലുള്ള അത്തരം വളർച്ച നിലനിലനിർത്താൻ, പണപ്പെരുപ്പം താഴുകയാണ്.

ഇന്ത്യയിലെ സാമ്പത്തിക രംഗം 15% വളർച്ചയാണ് കൈവരിച്ചത്. കഴിഞ്ഞ ഏതാനും വർഷങ്ങളായ് സ്ഥിരത കൈവരിച്ചിട്ടുണ്ട്. ഏഷ്യൻ മേഖലയിലെ മറ്റു നിരവധി വിപണികൾ അസ്വസ്ഥതകളിലൂടെ നടക്കുന്നുണ്ട്. സാമ്പത്തിക മേഖലയെ സംബന്ധിക്കുന്ന വ്യവസ്ഥിതിയുടെ വികസനം വളർച്ചയുടെ താക്കോലാണ്. ഉപഭോക്താവിന്റെ ആവശ്യം നിറവേറ്റുന്നതിന് ഉത്പന്നങ്ങളുടെ സേവനങ്ങളുടേയും സാമ്പത്തിക വിപണനം ആരംഭിച്ചു. ഇന്ത്യയിലെ സാമ്പത്തിക മേഖലയുടെ വളർച്ചയിൽ റിസർവ്ബാങ്ക് ഇന്ത്യയുടെ പങ്ക് വഹിച്ചു.

ഇന്ത്യയിലെ ബാങ്കിംഗ് മേഖലയുടെ വളർച്ച

ഇന്ത്യയിലെ ബാങ്കിംഗ് സംവിധാനം ഏറ്റവും വിപുലമായതാണ്. ഇന്ത്യയിലെ ബാങ്കിംഗ് മേഖലയുടെ മൊത്തം ആസ്തി മൂല്യം 270 ബില്യൺ ഡോളറാണ്. മൊത്തം നിക്ഷേപം 220 ബില്യൺ ഡോളർ ആണ്. ഇപ്പോൾ ഇന്റർനെറ്റ് ബാങ്കിംഗ്, കോർ ബാങ്കിംഗ് തുടങ്ങിയവ ഏറ്റവും പുതിയ ഉൾപ്പെടുത്തലുകൾ ബാങ്കിംഗ് പ്രവർത്തനങ്ങൾക്ക് കൂടുതൽ സൗഹൃദവും എളുപ്പവുമാക്കിയിട്ടുണ്ട്.

ഇന്ത്യയിലെ Capital മാർക്കറ്റിന്റെ വളർച്ച

- ഇടപാടിന്റെ അനുപാതം, ഓഹരി അനുപാതം, ഡെപ്പോസിറ്റ് സംവിധാനത്തിൽ വർദ്ധിച്ചു.
- നാഷണൽ സ്റ്റോക്ക് എക്സ്ചേഞ്ചിലെ ഇൻഫോടെക് സംവിധാനങ്ങൾ വിവിധ മേഖലകളിൽ വിവിധ നിക്ഷേപകരെ ആകർഷിക്കാൻ വേണ്ടി
- സ്റ്റോക്ക് എക്സ്ചേഞ്ചുകളുടെ സ്വകാര്യവൽകരണം

ഇന്ത്യയിലെ ഇൻഷൂറൻസ് മേഖലയിൽ വളർച്ച

- വിപണി തുറന്നുകഴിഞ്ഞാൽ, വിദേശ സ്വകാര്യ ഇന്ത്യൻ കളിക്കാർക്ക് ഉൽപന്നങ്ങളുടെ ഉൾപന്നങ്ങൾ ലഭ്യമാക്കിക്കൊണ്ട് ഉൽപന്നങ്ങളുടെ മാർക്കറ്റ് സാധ്യതയെ പരിപോഷിക്കുന്നതിന് കൂടുതൽ താത്പര്യമുണ്ട്.
- ഇൻഷൂറൻസ് മാർകറ്റ് പുതിയ കളിക്കാരെ നിറച്ചിട്ടുണ്ട്. അനേക നൂതന ഇൻഷൂറൻസ് അധിഷ്ഠിത ഉത്പന്നങ്ങൾ മൂല്യം ആഡോണുകൾ സർവ്വീസുകൾ തുടങ്ങിയവയിലേക്ക് ഇത് എത്തിച്ചേർന്നു. ടോക്യോമെന്റിന്', അവിവ, അലിയൻസ് തുടങ്ങിയ നിരവധി വിദേശ കമ്പനികൾ രംഗത്തെത്തി.
- കമ്പനികൾ തമ്മിലുള്ള മത്സരം ആക്രമണാത്മക വിപണനത്തിനു വിതരണ വിദ്യകൾക്കും ഇടയായ്.

Government

- സങ്കീർണത കുറഞ്ഞു - നോക്കി നടത്താൻ എളുപ്പം
- റവന്യൂ വരുമാനം കൂടും - നികുതി ചോർച്ച തടയും
- നികുതി ശേഖരണത്തിനുള്ള ചെലവ് കുറയും

Consumers

- ➔ മറഞ്ഞിരിക്കുന്ന നികുതികളില്ല. നിർമാതാവിൽ നിന്നും ഉപഭോഗ്താവിൽ വരെ ഒരേ സുതാര്യമായ നികുതി.
- ➔ പരോക്ഷ നികുതിഭാരം ഒഴിവായി
- ➔ നിയമത്തിലെ കൊള്ളലാഭമെടുക്കൽ നിരോധന ഉപാധി - വിലക്കുറവ് ഉപപോക്താക്കളിലേക്കെത്തുന്നു.

GST ഇളവുകൾ

GST യുടെ നാല് സ്ളാബുകളിലായി 1, 211 ചരക്കുകളും 500 സേവനങ്ങളുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. എന്നാൽ മദ്യം, പെട്രോൾ ഡീസൽ പ്രകൃതി വാദകങ്ങൾ എന്നിവയെ GST യിൽ നിന്നൊഴിവാക്കിയും ഗോതമ്പ്, അരി, പാൽ, പച്ചക്കറി, മാംസം, മത്സ്യം, കുങ്കുമപ്പൊട്ട്, നിയമസംബന്ധമായ പേപ്പറുകൾ, പ്രിന്റ് ചെയ്ത ബുക്കുകൾ, ന്യൂസ് പേപ്പറുകൾ വളകൾ കൈത്തറി, കൺമഷി, കളറിംഗ് ബുക്കുകൾ തുടങ്ങിയ വിവധ ഉത്പന്നങ്ങൾക്ക് 0 GST ആയിരിക്കും. വിദ്യഭ്യാസം, ആരോഗ്യം, ആയിരം രൂപയിൽ താഴെയുള്ള ഹോട്ടൽ താമസ സൗകര്യം, എന്നിവയും GST യിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്.

GST ഇംപാക്ട്

ശമ്പളമുള്ളവർക്കും സ്വയം തൊഴിൽ ചെയ്യുന്നവർക്കും

GST പ്രധാനമായും വ്യവസായ മേഖലയെ ഉദ്ദേശിച്ചതിനാൽ തന്നെ നിശ്ചിത ശമ്പളം കൈപറ്റുന്നവർക്കും, സ്വയം തൊഴിൽ ചെയ്യുന്നവർക്കും (Doctor, വക്കീലന്മാർ) ഇത് ബാധകമല്ല. എന്നാൽ ഉപഭോക്താവ് എന്ന നിലയിൽ എല്ലാവരും GSTക്ക് വിധേയരാണ്.

വ്യവസായിക രംഗം

പലവിധ നികുതികൾ ഒഴിവാക്കുന്നത് മൂലം പല ഗുണങ്ങളും ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്. വിവിധയിനം നികുതികുടെ നൂലാമാലകളിൽ നിന്നും മോചനം ലഭിക്കുന്നത് ബിസിനസ്സ് കൂടുതൽ എളുപ്പത്തിലും വേഗത്തിലും ചെയ്യാൻ സഹായകമാകും. എന്നാൽ GST യുടെ പൂർണപ്രയോജനം ദീർഘ കാലത്തിൽ മാത്രമേ ലഭ്യമാവുകയൊള്ളൂ. പുതിയ ഏകീകൃത സംവിധാനത്തിലേക്കുള്ള മാറ്റം എളുപ്പമല്ല. വ്യവസായ മേഖലയെ GST എങ്ങനെ ബാധിക്കും എന്ന പ്രവചനങ്ങൾക്കേ ഇപ്പോൾ സാധ്യതയൊള്ളൂ.

Benefits

ഏകീകൃത നികുതി സംവിധാനത്തിലൂടെ പല സംസ്ഥാനങ്ങളിലും നില നിൽക്കുന്ന വ്യത്യാസങ്ങൾ ഇല്ലാതാക്കാൻ കഴിയും. പല നികുതികൾ ഒഴിവാക്കി ഒറ്റ നികുതിയാക്കുന്നത് വ്യവസായത്തെ സഹായിക്കും. എളുപ്പത്തിൽ ബിസിനസ്സ് തുടങ്ങാൻ കഴിയുന്ന രാജ്യങ്ങളുടെ പട്ടികയിലേക്ക് ഇന്ത്യയെ ഉയർത്താൻ സാധിക്കും. നിലവിൽ 190 രാജ്യങ്ങളുള്ള 'Ease of Doing Business Index' ൽ 130 ആണ് ഇന്ത്യയുടെ സ്ഥാനം.

ഇറക്കുമതി ചെയ്യുന്ന ചരക്കുകൾക്ക് ഇന്റഗ്രേറഡ് GST നടപ്പാവുന്നതോടെ പ്രാദേശിക ഉത്പന്നങ്ങൾ പാർശ്വവത്കരിക്കപ്പെടുന്നത് തടയാനാകും.

ഗുണങ്ങളും ദോശങ്ങളും

ജൂലൈ 1 മുതൽ നിവിൽ വന്ന GST ക്ക് ചില സവിശേഷതകളുണ്ട്. ഒന്നാമതായി, നികുതി സംമ്പ്രദായത്തെ ഉത്പാദനത്തിൽ നിന്ന് ഉപഭോഗത്തിലേക്ക് മാറ്റുന്നു. ഇത് നികുതിയുടെ അടിത്തറ വിപുലമാക്കും. അത് GDP ക്ക് ശക്തിയും വ്യാപ്തിയും നൽകും. അതോടെ ഓഹരി നികുതി ആഘാദത്തിന് കുറവുണ്ടാവുകയും ചെയ്യും. മറ്റൊരു സവിശേഷത, നികുതിക്കുമേൽ നികുതി നൽകേണ്ടാത്തതിനാൽ നികുതിയുടെ കാര്യക്ഷമത ഉയരുന്നു. നികുതി ശൃംഖലയിൽ നിന്ന് ആർക്കും ഒഴിഞ്ഞുമാറാൻ പറ്റില്ല എന്നതും ചരക്ക് സേവന നികുതിയുടെ പ്രത്യേകതയാണ്. ഇത്തരം സവിശേഷതകളാൽ ചരക്ക് സേവന നികുതി സമ്പദ്ഘടനക്ക് വളരെ ഗുണം നൽകുമെന്ന് വേണം കരുതാന്. ഉയര്ന്ന GDP വളര്ച്ച, കുറഞ്ഞ പണപ്പെരുപ്പം, ഉയര്ന്ന നികുതി വരുമാനം, തട്ടിപ്പിലും വെട്ടിപ്പിലും കുറവ് തുടങ്ങിയവയെല്ലാം GST വഴി ഉണ്ടാകാന് പോകുന്ന നേട്ടങ്ങളാണ്. അഴിമതി രഹിതവുമായ നികുതി ഘടന നിലവില് വരുമെന്ന് പ്രതീക്ഷിക്കാം.

ഇതുവരെ കേന്ദ്രം മാത്രം പിരിച്ചിരുന്ന സേവന നികുതി ഇനി മുതല് സംസ്ഥാന സര്ക്കാരുകൾക്കും പിരിക്കാം എന്നത് മറ്റൊരു ഗുണവാരം. പാവപ്പെട്ടവർ അധികമായി ആശ്രയിക്കുന്ന സാധനങ്ങളുടെ നിരക്ക് കുറച്ചത് തന്നെ വിലക്കയറ്റം തടയാനാണ്. എന്നാൽ ഇതുകൊണ്ട് വിലക്കയറ്റം നിയന്ത്രിക്കപ്പെടുമോ….? നമ്മുടെ GDP യുടെ 60% വരുന്നത് സേവന മേഖലയിൽ നിന്നാണ്. 'സേവന നികുതി 15% ല് നിന്ന് 18% ആയി ഉയര്ത്തിയിരിക്കുന്നു.' ഇതു തന്നെ വിലക്കയറ്റത്തിലേക്ക് നയിക്കുമെന്ന് വേണം കരുതാന്. ധനകാര്യ മേഖലയിലും ആഥിത്യ മേഖലയിലും ടെലികോം മേഖലയിലും കച്ചവട – സേവന മേഖലയിലും ഇതു പ്രകടമാണ്.

സേവന ദാതാക്കൾക്ക് 'Input tax credit' (അടച്ച നികുതി തിരിച്ചു നൽകുന്ന സമ്പ്രദായം) ലഭിക്കുന്നു. ഉപഭോക്താക്കളിലേക്ക് കൈമാറുമെന്നത് വിസ്മരിക്കുന്നില്ല. എന്നാൽ IT സംവിധാനം പൂർണമായിട്ടില്ലാത്തതിനാലും തിരിച്ചടവ് പെട്ടെന്ന് നടക്കാത്തതുകൊണ്ടും 'Tax credit' ന്റെ ഗുണം ലഭിക്കാൻ വൈകും. ഈ

കാലതാമസംകൊണ്ടുണ്ടാകുന്ന ചെലവും അതിനെ തുടർന്നുണ്ടാകുന്ന മൂലധനത്തിന്റെ ചിലവും നോക്കുമ്പോൾ അതിൽ പണപ്പെരുപ്പത്തിന്റെ ഘടകം കാണാം. ഇപ്പോഴും സമ്പദ്ഘടനയുടെ ഒരു വലിയ ഭാഗത്തെ GST സ്പർശിക്കുന്നില്ല. മദ്യം, അസംസ്കൃത എണ്ണ, പ്രകൃതി വാദകം, പെട്രോൾ, ഡീസൽ, വൈദ്യുതി എന്നിവയെല്ലാം GST ക്ക് പുറത്താണ്. സംസ്ഥാനങ്ങൾ അവരുടേതായ നികുതികളൊക്കെ ഇവക്കുമേൽ ചുമത്തും. അതൊക്കെ വിലക്കയറ്റത്തിലേക്ക് നയിക്കും. GST വന്നതോടെ ഉത്പാദന സംസ്ഥാനങ്ങള്ക്ക് വരുമാന നഷ്ടമുണ്ടാകും.

<u>റിപ്പോർട്ട്</u>

ഇന്ത്യയിൽ GST നടപ്പിലാക്കിയതിന്റെ ഗുണങ്ങൾ ജനങ്ങളിലേക്ക് എത്തിക്കാൻ അല്ലെങ്കിൽ GST എന്താണെന്ന് മനസ്സിലാക്കിക്കൊടുക്കാൻ ഗവൺമെന്റിന് ആവശ്യമായിവരുന്ന സമയം GST ഇന്ത്യൻ ബഡ് വ്യവസ്ഥക്ക് ഒരു തിരിച്ചടിയാണ്. ഭാവിയിൽ എല്ലാ പ്രതിസന്ധികളും തരണം ചെയ്ത് GST ഇന്ത്യന് സമ്പദ് വ്യനസ്ഥയുടെ വളർച്ചയുടെ വേഗത വർദ്ധിപ്പിക്കാൻ സഹായിക്കുമെന്ന് പ്രതീക്ഷിക്കാം.

പുകവലി ആരോഗ്യത്തിന് ഹാനികരം

കണ്ണിന് അറപ്പും മൂക്കിന് വെറുപ്പും തലച്ചോറിന് ക്ഷതവും ശ്വാസകോശത്തിന് അപകടവും വരുത്തുന്ന ഒരു ഉപചാരമാണ് പുകവല. 1603-ൽ ഇംഗ്ലണ്ടിന്റെ സിംഹാസനത്തിൽ കയറിയ ജയിംസ് ഒന്നാമന്റെ വാക്കുകളാണ് ഇവ.

നാം ആദ്യം ശീലങ്ങൾ ഉണ്ടാക്കുന്നു. പിന്നെ ശീലങ്ങൾ നമ്മെ ഉണ്ടാക്കുന്നു എന്ന് ചട്ടമ്പി സ്വാമികൾ പറയുന്നു. ഇന്ന് മനുഷ്യന്റെ ഒരു ശീലവും അതിലുപരി വിനോദവുമാണ് പുകവലി. ലോകാരോഗ്യ സംഘടനയുടെ കണക്കനുസരിച്ച് പുകവലിയുടെ ഉപയോഗം വർദ്ധിക്കുകയും ഇതിന്റെ അനന്തര ദോഷങ്ങൾ വർദ്ധിക്കുകയും ചെയ്യുന്നു.

നിക്കോട്ടിയാന വംശത്തിലുള്ള ഒരു ചെടിയാണ് പുകയില. ഇതിൽ അട ങ്ങിയിരിക്കുന്ന മാരകമായ വിഷമാണ് നിക്കോട്ടിൻ. ജീൻ നിക്കോട്ടിൻ എന്ന ശാസ്ത്രജ്ഞനാണ് ഈ കണ്ടു പിടത്തത്തിന് പിന്നിൽ. പുകവലിക്കുമ്പോൾ വളരെ ചെറിയ ഒരു അംശം മാത്രമാണ് രക്തത്തിൽ കലരുന്നത്. മെഡിക്കൽ റിപ്പോർട്ടിൽ ഇങ്ങനെ പറയുന്നു. പുകവലിക്കുമ്പോൾ നിക്കോട്ടിന്റെ അംശം അഞ്ചു സെക്കന്റുകൊണ്ട് തലച്ചോറിലും പത്തു സെക്കന്റുകൊണ്ട് പാദത്തിലും എത്തും. പുകവലികൊണ്ട് പ്രധാനമായും തകരുന്നത് കരളും ശ്വാസകോശവുമാണ്. ടിവിയിൽ ഒരു പുകവലിക്കാരന്റെ ശ്വാസകോശത്തിൽ നിന്നും പിഴിഞ്ഞെടുക്കുന്ന കറയുടെ അളവ് കാണിച്ച് ബോധവൽകരിക്കുമ്പോൾ ചിലർ ഇതല്ലാം മണ്ടത്തരം എന്നു കരുതി വെറുതെ തള്ളി നിക്കുമ്പോൾ അത് യാഥാർത്ഥ്യം ആണെന്ന സത്യം നാം മറന്ന് പോകുന്നു. സ്വന്തം ജീവിതം പുകയിൽ ഹോമിച്ച് അവസാനിക്കുമ്പോൾ അവർ ഒരു നിമിഷം ജീവിതം ഒരിക്കൽ മാത്രം എന്ന് ചിന്തിച്ചിരുന്നെങ്കിൽ..

ഒരു മലവെള്ളപ്പാച്ചിന്റെ രൗദ്രതാളങ്ങളോടെ ആധുനിക സംസ്കാരം മനുഷ്യമനുസ്സുകളിലേക്ക് കുലം കുത്തിവരികയാണ് ഇന്ന്. കൗതുകങ്ങൾ നിറഞ്ഞ അവരുടെ കണ്ണുകൾ കയറിപ്പിടിക്കുന്ന കമ്പിളിക്കെട്ടിനുള്ളിൽ ഒളിച്ചിരിക്കുന്ന കൗശലങ്ങൾ അവർ തിരിച്ചറിയുന്നില്ല.

ഒരു ബീഡി കൊളുത്തുമ്പോൾ
എരിയുന്നു നിന്നുടെ ജീവിതം
ഒരു ബീഡി കൊളുത്തുമ്പോൾ
കരിയുന്നത് നിന്നുടെ വദനം
ഒരു ബീഡി കൊളുത്തുമ്പോൾ
തകരുന്നത് നിൻ കുടുംബം ...

ഒരു ബീഡി കത്തുമ്പോൾ നാം നമ്മുടെ ശരീരത്തെ ചിത കൊളുത്തുക തന്നെ! ഈ സത്യം മനസ്സിലാക്കി ആരോഗ്യവും ഉന്മേഷവുമുള്ള നല്ല പുത്തൻ തലമുറയെ വാർത്തെടുക്കാം. ഒത്തൊരുമയോടെ പ്രവർത്തിക്കാം..ജീവിതം സുരക്ഷിതമാക്കാം. .

നിയാസ്
1st Bcom

Newspaper

Newspaper is the greatest and the most useful gift received by man with the invention of the printing.

A newspaper keeps a man usefully busy. It keeps him in touch with all that is happening in the world. It is much more than that. It is a powerful Mass Media and a mighty forte. It is the custodian oftruth and a sentinel of human rights and liberty.Itcan ,be used for good a wellas for evil. It is a vehicle of thought. I propagates ideas · and philos- ophies, comments upon them, criticizes governments and peoples and other activities. It is a powerful organ to public opinion.

Newspaper have become a part and parcel of our daily life. A newspaper gives 'us all kinds of news about our own country and about foreign countries. A reader of newspapers remains in touch with public affairs. The newspaper educates him ir:l many branches of knowledge and provides him with a lot of information. Knowledge is developed by reading a newspaper. One can know about all the new discoveries and inventions. Ialso tell what their rights are how they can protect themselves.

Even while sitting in one's home, one can know what is happening in the world.The newspaper keeps the peo- ple intouch with all the different corners of the world. Businessmen advertise their goods in the newspapers to increase the sale of their goods. As the newspapers contains market reports, it helps the Merthantsin keep- ing inform rates of goods in various cities. Newspapers give a lot of information about religious topics, sports arts and Music and record·the plus beats of the nation.A regular reader of newspapers can acquire a lot of know!-

edge about public affairs.The newspaper brings to us the views of great thinkers and philosophers. It moulds and reflects public opinion.

Newspapers notonly guide and instruct the public, they also help in educating the masses on all important prob- lems. They broaden their out look. They are great social reformers and public educators. They are the spokesmen of human conscience and mouth pieces of human mind. They carry on a campaign against superstitions, false beliefs and fanaticism. They throw light on the evils of dowry system child marriage and untouchability. They provide a great help to the country in getting rid of her social evils and moral weakness. Newspapers can mis- lead and misguide public opinion on important matters. They are a very powerful weapon for moulding and di- recting public opinion. Four critical newspaper, said, na- poleon one more to be feared than a thousand swords. Hitler powerful role of the press,said "I want to play on the press, as on a piano, That is why political parties run their own newspapers:'With the improvement and ad- vancement inthe printing press,_newspapers can be read in regional languages also. We can get the news of the world at very cheap rates. Moreover,the newspapers ex- press the view of the government on important matters of public interest. They explain and elucidate the stand of the government on various programmes and policies. They also express the reactions of the Masses. In short, press is a medium of dialogue between the government and the people. In brief, newspapers are highly useful to the people in general. The day is not far when towns and

villages will have their own daily papers.

Good morning everybody,

Respected teachers and my dear friends, Today I am going to speech about women empowerment. My self I am Nishida.

Women empowerment is empowering the women to tack their own decision for their personal development. Women play a vital role In making our world a better place. Empowering womens is to make them independent in all aspects from mind, thought, Rights, decision etc.. By leaving all the special and family limitations. It is very necessary to make bright future of the family, society and country. It is bring equality In the society for both male and female. In all areas women creates life. But still without rights….!!!

Women need fresh and more capable environment. So that they can take the own right decision in any area weather for themselves, Family, society or country.

Once women is ow the move, Family moves, the villages moves, Nation moves. It helps women to stand on their own legs, Become independent & Also to be earn for their family. Which grows country's economy. Women empowerment solves lots social issues as well as being growth and development of the nation on right track.

May problems have been independent and run by the government such as international women day, mothers day etc.. In order to being awarness in the society about the true right and value of the women in the development of the nation.

Nishida Km
3rd Bcom Co-op

ചിത്രങ്ങൾ...

വരച്ച വരകൾ കൂട്ടിമുട്ടിയപ്പോൾ
വരകൾക്ക് പുതിയ രൂപങ്ങളും
മനസ്സിലോർത്തുവെക്കാൻ
കഴിയുന്ന ചിത്രങ്ങളുമാകാൻ
സാധിച്ചു...


The strokes of
the pen need
deliberation as
much as the
sword needs
swiftness.

Swathy V J
Final BA English



Bilal
1st BBA

Silpa K M
1st BA English

Princy V V











Supriya K P
Vice Principal



Nijil
BA English

Sharath
BA English



Syamjith
3rd Bcom Co-op

Sahala K V
1st BBA



Bilal
1st BBA



Swathy V J
Final BA English


വിദ്യ കൊണ്ട്
പ്രബുദ്ധരാകുക
സംഘടിച്ച്
ശക്തരാകു

കവിതകൾ...

മനസ്സിൽ കുത്തികുറിച്ച വരികൾ
ചേർത്തുവെച്ചപ്പോൾ
സൗഹൃദവും പ്രണയവും ജീവിതവും
വിരഹവുമെല്ലാം
എന്നും ഓർമിക്കാവുന്ന
പറഞ്ഞു തീർക്കാനാകാത്ത
കവിതകളായി...



A Real Wedding Planner
Food Palace
CATERING SERVICE & EVENT PLANNER
MEZHATHUR
+91 9645333177 | +91 9048515170

Women's Rights

You cannot rob of the right we cherish,
nor turn our thoughts away
from the bright picture of a "women
mission"
our heart portray.
We claim to dwell, I quiet and seclusion,
beneath the house hold roof,-
from the great world's harsh strife, and
furring voiles,
to stand aloof:-
Not in a dreamy and mane abstruction
to sleep our life away,
but, gathering up the brightness of home
runshine
to deck our way.

A humble plants by country hedge rows growing
That treasure up the rain,
And yield In odours, ere the day's declining
The gift again
So let us, unobsrusive and unnoticed,
But happy none the less,
we privileged to fill the air around as
with happiness;
to live unknown beyond the cherished cirde,
Which we can bless and aid ;
To die, and not a heart that does not love us
Know where we are laid.

Aparna P

ആൽമര ചുവട്ടിലെ തണലിൽ

എരിയും വെയിലിന്റെ നിഴലാൽ മറച്ചൊരു
മായാത്ത മറവാണു തണൽ
സൂര്യനെ വെല്ലിടും പൊന്നുഷ സന്ധ്യയായ്
ഭൂമിയെ കാക്കുമെൻ തണൽ
നീ നൽകീടും തണൽ അതു എന്നിലെ
ഊർജ്ജം നില കൊള്ളവേ...... ഓർക്കുന്നു ഞാൻ
ഈ നിമിഷം നിന്റെ ഓരോ സ്പർശനവും
എനിക്കെന്നും നൽകീടും ഊർജ്ജവും
ഉന്മേഷ ആരോഗ്യ രക്ഷയും
ആയിരം സൂര്യകിരണങ്ങളെ എതിർക്കുമ്പോൾ
ആൽമര രൂപമായ് നീ നിലകൊള്ളവേ.....
എന്തിനു വേണ്ടി നിൻ ജീവൻ എടുക്കവേ....
നീയെന്തു ദ്രോഹം ചെയ്തു അവർക്കുനേർ......
കാലനായ് വന്ന മനുഷ്യ രൂപമതു
കോപിക്കയെന്തേ നിൻ കാൽചുവട്ടിൽ
ആരും പറഞ്ഞില്ല, ആരുമതറിഞ്ഞില്ല
ആരിന്നാ നീജകൃത്യം ചെയ്യവേ.....
നിൻ ഓർമ്മ എന്നും അത് എന്നിലെ
ജീവനിൽ നൊമ്പരപൂവായ് വിടർന്നിടുവതെന്തിനോ
മറക്കില്ല ഞാൻ മരിക്കുവോളും
മറയാത്ത മറവുള്ളൊരെൻ തണലിനെ
ഭൂമിയിൽ എന്നുമൊരു സുന്ദര ശിൽപിയായ്
കാലം കഴിയുമ്പോൾ നീ ജ്വലിക്കൂ....
എരിയും വെയിലിനൊരു മറയായ് മറവായ്
നീ നില നിൽക്കെയെൻ ആൽമരമേ.......



Sanrag Pv
3rd Bcom Co-op

ചങ്ങാതി

ഓരോ കാഴ്ചയും
ഓരോ ഓർമ്മയാകുന്നു
അപ്രതീക്ഷങ്ങളുടെ നട്ടുച്ചയിൽ
മിന്നാരങ്ങളുടെ
തണലിൽ വെച്ച്
കൊഴിഞ്ഞു വീണ
കൊന്ന പൂക്കളിൽ
എനിക്കെന്റെ
ചങ്ങാതിയെ കിട്ടുന്നു.
ഞാനാരെന്നോ....
നീയാരെന്നോ....
ചോദിക്കാതെ
സൗഹൃദത്താൽ
കരൾ നിറഞ്ഞ്,
വീണ്ടും കാണാമെന്ന്
സുനിശ്ചിതത്വത്തിൽ
പുൽതകിട് വിട്ടിറങ്ങുന്നു നാം...

Shahala Sherin MS
2nd B-Com Co-op

കഴുത്തിൽ മഹറിന് വില

പെണ്ണായി പിറന്നില്ലേ...... നീ.....
നിനക്കിനിയരിടം കൂടി പോകണം
ജനിച്ച വീടിനെ വിട്ടകലാനും
സ്വന്തമല്ലാത്തവരെ സ്വന്തമാക്കാനും
വിധി തന്നെ നിന്നെ.....
കൊണ്ടുപോകും..... അവിടെ.....

ഇന്നു നിന്റുപ്പാടെ പലഹാര
പൊതിക്കായി കാത്തിടുൻമ്പോഴും ....
ഇന്നു നിന്റുമ്മാടെ ചൂടേറ്റ്
വളർന്നിടുമ്പോഴും.....
നിന്റെ സഹോദരിക്കായി
കുസൃതിയിൽ പോരാടുൻമ്പോഴും.....
ഇക്കാടെ പെങ്ങളുട്ടിയായി
മരണം വരെ നിന്നിടുവാൻ
മനസ്സു കൊതിക്കുൻമ്പോഴും......

അറിഞ്ഞില്ല.... പെണ്ണേ.... നീ
നിനക്കായി മറ്റൊരു കുടുംബം
കൂട്ടിനായ്.... കാത്തിരിപ്പുണ്ടെന്ന്.....
അവസാനം നീയൊരു പതിനെട്ടിൻ
നിറവിൽ നിൽക്കുമ്പോഴും.....
അറിഞ്ഞില്ല പെണ്ണേ.... നീ
നിന്റെ ഉപ്പാന്റെ നെഞ്ചിലെ തീ...
നിന്റുമ്മാന്റെ കണ്ണിലെ കണ്ണുനീർ.....

വിധിതന്ന അവസാന നാളിങ്ങ്
അടുത്തു കഴിഞ്ഞു......
ഉപ്പാക്കൊരു പുഞ്ചിരിയായ്.....
ഉമ്മാക്കരു കണ്ണീരായ്....
ഇത്താക്കരു സ്നേഹമായ്.....
ഇക്കാക്കരുമ്മയായ്....
അങ്ങനെ..... അവളും......
പടിയിറങ്ങി മറ്റരു
കുടുംബത്തിൻ....... തണലിലേക്ക്...... (Aneesha Ca, 2nd Bcom Co-op)

തിരികെ

ഓർമ്മയുടെ കൽപടവുകളിൽ

കാലം മണൽ വിതറി

ഇനിയൊന്നു തിരിഞ്ഞു നടക്കണം
ജന്മപാപങ്ങളെ മറന്നിട്ട്
പുതിയ ലോകത്തിരുന്ന്

പഴയ ലോകത്തെ പിടിക്കാൻ

മനസ്സുകൊണ്ട് ഒരു-
ആണിനേയുംവ്യഭിചരിക്കാതെ
ഹൃദയം കണ്ട് കള്ളം പറയാതെ
കരം കണ്ട് കാമത്തെ അളക്കാതെ
കാലുകണ്ട് ലഹരിയെ തേടാതെ
ഉത്തരം കിട്ടാത്ത സമസ്യകളെ

ശസ്ത്രക്രിയ ചെയ്യാൻ വേണ്ടി.....
ഉറക്കമിളച്ച
രാത്രിയെ മറന്നിട്ട്, ഇനി......

എനിക്കൊന്ന് തിരിച്ചു നടക്കണം.

മറവി ഒരു ഓർമ്മയായ ലോകത്തേക്ക്
തനിയെ രു യാത്ര പോണം
നിഴലുപോലും പിന്തുടരാതെ

ഇരുട്ടിന്റെ മറവിലേക്ക്

മോഹങ്ങളുടെ സുഖ നിദ്രയിൽ

എന്നെ തോൽപിച്ചോടിയ കാലമേ
നിനക്ക് നന്ദി......

Swalih ps
2nd Bcom CA

നിരാശയുടെ വിജനതയിൽ

വിധിയെ പഴിചാരിയ
നാളുകളിൽ
സന്തോഷം അറ്റുപോയ നിമിഷം
മൗനം എന്ന നിശബ്ദതയിൽ
കാലനെ കാത്തിരുന്നു.
ക്ലോക്കിലെ സെക്കന്റ് സൂചിയെ
കണ്ണിമ ചിമ്മാതെ നോക്കി
ദിവസങ്ങൾ   കഴിഞ്ഞു,
കാലങ്ങൾ   കടന്നുപോയി
അവശത എന്നെ താരാട്ടി
നിരാശ എന്നെ പിന്തുടർന്നു.
നിഗമനങ്ങൾ നിരീക്ഷണങ്ങൾ
എന്നെ കുറ്റപ്പെടുത്തി.
ജീവിത യാത്ര..
അവസാനിപ്പിക്കാൻ
ആകാശത്തിലെ നക്ഷത്രമായി
മാറാൻ
ഞാൻ   തയ്യാറെടുത്തു.
അപ്പോഴും
മനസ്സെന്ന മാന്ത്രികച്ചെപ്പ്
എന്തിനോ വേണ്ടി വെമ്പൽ
കൊണ്ടു.
ഇനിയൊരു പരീക്ഷണത്തിനും
കാത്ത് നിൽക്കാതെ -
യാത്ര എന്ന വാക്കിനെ
ജീവിതത്തിൽ   നിന്നും അകറ്റി
നിർത്തി,
എന്നന്നേക്കുമായി വിട
പറയാം......
പ്രതീക്ഷകളും സ്വപ്നങ്ങളും
ബാക്കിയാക്കി......

2nd BA English

പ്രണയം

എന്റെ ഹൃദയം തച്ചുടക്കുമ്പോൾ
നിന്റെ വിരലുകൾ മുറിയാതെ
സൂക്ഷിക്കണം.
മെഴുകു പുരട്ടിയ നിൻ മൗനം
എന്നെ അസ്വസ്ഥനാക്കുന്നു.....
നിന്റെ ഹൃദയമിടിക്കുന്നത്
എനിക്ക് കേൾക്കാം......
കാരണം ഞാൻ....
നിന്റെ ഹൃദയത്തോട് ചേർത്ത്
വെച്ചിരിക്കുകയാണ്.
എന്റെ കൈകൾ......
ഈ ഇരുട്ടിലും ഞാൻ
തിരയുകയാണ് നിന്നെ
നീ......
രിക്കൽ വലിച്ചെറിഞ്ഞ എന്റെ
ഹൃദയത്തെ......
ഓർക്കുമ്പോൾ കണ്ണു നിറയും
ഓർക്കാതിരുന്നാൽ ഹൃദയം
വിങ്ങും
കാലം അതിനൊരു പേരും
തന്നു....
“പ്രണയം”

Ashkar asees
2nd Bcom CA

പ്രശ്നം

മനുഷ്യന്റെ ഏറ്റവും വലിയ
പ്രശ്നം
എന്താണെന്നറിയുമോ....?

കടംകൊണ്ട് വലഞ്ഞ ഒരുത്തൻ
പറഞ്ഞു : അത് പണമാണ്

സ്ത്രീ വിരോധിയായ ഒരുവൻ
പറഞ്ഞു : അത് പെണ്ണാണ്

കാമുകന്റെ അതിരുകവിഞ്ഞ
നിയന്ത്രണം

കണ്ട് പൊറുതിമുട്ടിയ കാമുകി
പറഞ്ഞു :

അത് സ്വാർത്ഥതയാണ്

എന്നാൽ മനുഷ്യന്റെ യഥാർത്ഥ
പ്രശ്നം

ഇതൊന്നുമല്ല
അത് വയറാണ് ;
അത് നിറക്കാനല്ലേ ഈ ഓട്ടം

മറ്റുള്ളവർ കുറക്കാനും....

Risana Km
2nd Bcom CA

പറയാത്ത പ്രണയ സുഖം

നിറമുള്ള ചിത്രങ്ങൾ

അർത്ഥമേറിയ വ്യാഖ്യാനങ്ങൾ
പോലെ
കുത്തിയും കോറിയും എഴുതിയ

ഒരായിരം പ്രണയ വാഗ്ദാനങ്ങൾ

ചിതലരിച്ചു കിടന്ന

അകത്തളത്തിന്റെ വാതായനങ്ങൾ
പതുക്കെ തുറന്നു
സ്വസ്ഥമായുറങ്ങുന്ന

ചുവരുകളിൽ

ഒരു കുടം കുമ്മായം വാഴ്ന്നിറങ്ങി

ഒരു നിമിഷം-

കഴിഞ്ഞ ജന്മത്തിലെന്ന പോൽ
രേഖപ്പെടുത്തിയവയും
അറിയാതെ നിറമായ്
മാറിയവയും
മാഞ്ഞേ പോയ്.............

Risana KM

2nd Bcom CA

നിശാഗന്ധി

പ്രണയമാണെനിക്ക്, ഭൂമിയിൽ പ്രകാശം പരത്തുന്ന പകലിനോട്,
ദേഷ്യമാണെനിക്ക്, പകലിൽ വിരിയുന്ന പൂക്കളോട്…..
ഇഷ്ടമാണെനിക്ക്, രാത്രിയിൽ പൂക്കുന്ന നക്ഷത്രങ്ങളെ
പക്ഷേ…! ദേശ്യമാണെനിക്ക്
ഭൂമിയിൽ ഇരുട്ട് നിറക്കുന്ന ആ രാത്രിയെ….
ആശകളോടെ വിരിഞ്ഞ ഞാൻ കണ്ടത്
ഇരുട്ടിൽ കരയുന്ന പല മുഖങ്ങളെയാണ്.
ഭൂമിയിൽ വെളിച്ചം വരുമ്പോൾ ചുരുങ്ങുന്ന ചിറകുകളാണെനിക്ക്,
രാത്രിയുടെ മറവിൽ കരഞ്ഞു ചുവക്കുന്ന മുഖങ്ങൾ കാണുന്ന
കണ്ണുകളാണെനിക്ക്.
രാത്രിയിൽ വാടുന്ന പൂക്കളോട് അസൂയയാണനിക്ക്.
പകലിന്റെ സന്തോഷം ആസ്വദിച്ചവർ രാത്രിയിൽ വാടുമ്പോൾ
രാത്രിയിലെ ദു:ഖങ്ങൾ കേട്ടു മടുത്ത ഞാൻ
പകലിൽ വാടുന്നു.
പകലിന്റെ സൗന്ദര്യം ആസ്വദിക്കാനാകാതെ
വാടാൻ വിധിക്കപ്പെട്ടവളാണ് ഞാൻ …. പക്ഷേ…..
ഒരിക്കൽ പകൽ പറഞ്ഞു. "ഭാഗ്യവതിയാണ് നീ….. കാരണം
ഇന്നിന്റെ പകലിലെ സന്തോഷം, ഇന്നലെയുടെ രാത്രിയിലെ ദു:ഖമാണ്.
രാത്രിയിൽ നീ കണ്ട് കരയുന്ന മുഖങ്ങളാണ്
പകലിൽ സന്തോഷത്തിന്റെ മുഖമൂടിവെച്ച് ചിരിക്കുന്നത്."
ഞാൻ മനസ്സിലാക്കി, പകൽ വിരിയുന്ന പൂക്കളെ കാണുന്നത്
സന്തോഷത്തിന്റെ മുഖമൂടി വെച്ച് ദു:ഖിക്കുന്നവരേയും
നന്മയുടെ മുഖമൂടി വെച്ച് തിന്മ ചെയ്യുന്നവരേയുമാണ്.
വെളിച്ചത്തിൽ വിരിയുന്ന ഓരോ പൂവിലും
രാത്രിയുടെ ഇരുട്ടുണ്ടാകും.
പകലിൽ കാണുന്ന മുഖമൂടികളേക്കാൽ എത്ര നല്ലതാണ്
സത്യങ്ങൾ പറയുന്ന രാത്രിയിലെ കണ്ണു നീർ കാണുന്നത്
ഇപ്പോൾ ഞാനും രാത്രിയുടെ -
സൗന്ദര്യത്തെ ഇഷ്ടപ്പെട്ടു തുടങ്ങിയിരിക്കുന്നു….

Sreehari
2nd BA English

സ്ത്രീ

ജീവിതമെന്നും ത്യാഗമായി നിൽക്കും
അവൾ....... സ്ത്രീയെന്നു പേരായ്
മകളാവുൻമ്പോൾ അച്ചനൊരു തണലായ്
ഭാര്യയാവുമ്പോൾ ഇണക്കൊരു കൂട്ടായ്
അമ്മയാവുമവൾ മക്കൾക്കൊരു പാഠമായ്
എന്നും സ്നേഹത്തിന് ഉറവിടമായ്
നിൽക്കും..... അവൾ

പത്തുമാസം മക്കൾക്കൊരു ചുമട്ടുകാരിയായ്
ജനിച്ചുവീഴുന്ന പൈതങ്ങൾക്കൊരു
വിശപ്പിൽ...... ദാഹവുമായ്.....
സ്നേഹത്തിൻ വാക്കിനുടമയായ്.....
അമ്മ എന്ന രണ്ടക്ഷരത്തിൽ
ഉൾക്കൊള്ളുമവൾ....

ഉമ്മതൻ കാൽപാടിൽ സ്വർഗ്ഗ
മെന്നുചൊല്ലും ഖുർആൻ
അമ്മതൻ വേദനയറിയിച്ച
രാമായണത്തിൽ സീതയും
ആദത്തിനൊരു കൂട്ടായ് ഹവ്വ
തൻ കഥ പറയും ബൈബിളിൽ

ഇനി ഏതു നൂറ്റാണ്ടുപോയാലും
സ്ത്രീയെന്നും........ മകളായ്.....
ഭാര്യയായ്..... അമ്മയായ്.....
സ്നേഹത്തിനുറവയായ്......
നിൽക്കുമവൾ.....

Aneesha

മഴത്തുള്ളികുടെ അമ്മ

മഴത്തുള്ളികളുടെ അമ്മക്ക് എന്നും പരാതിയാണ്

തന്റെ മക്കളായ മഴത്തുള്ളികളുടെ ജനനത്തിലും മരണത്തിലും

ഒരുപോലെ ദു:ഖിതയാണ് ആ അമ്മ.

മനുഷ്യർക്കെതിരെയാണ് അമ്മയുടെ പരാതി.

മനുഷ്യർതന്നെ മനുഷ്യർക്കെതിരെ പരാതി പറയുന്ന കാലത്താണ്
ദൈവത്തെ തേടി ആ അമ്മയുടെ പരാതിയെത്തിയത്.
ആ പരാതി ഇങ്ങനെയായിരുന്നു...,

"എന്റെ മക്കളുടെ ജനനത്തിലും മരണത്തിലും

ഞാൻ ഒരുപോലെ ദു:ഖിതയാണ്
എനിക്കെന്തിനീ വിധി.

നീ ജനിപ്പിച്ച മക്കൾ ഞാൻ ജനിപ്പിച്ച മക്കളെ ശപിക്കുന്നു.
അതവരുടെ മരണത്തിലായാലും ജനനത്തിലായാലും"

ദൈവത്തിനൊന്നും മനസ്സിലായില്ല. അവൾ തുടർന്ന,

"എന്റെ മക്കൾ ജനിക്കുമ്പോൾ അവർ പറയുന്നു
എന്തൊരു മഴയാണ്....

എന്റെ മക്കൾ മരിച്ചുകഴിഞ്ഞാലവർ പറയുന്നു

എന്താ ആ നശിച്ച മഴക്കൊന്നു പെയ്താൽ എന്ന്.

ജീവിക്കുമ്പോൾ കുറ്റവും, മരിച്ചുകഴിഞ്ഞാൽ നല്ലതും....
പറയുന്ന മനുഷ്യരെന്തിനാണ്....!

മഴത്തുള്ളികളാം ന്റെ മക്കളെ .. അവരുടെ
ജനനത്തിലും മരണത്തിലും
വെറുക്കപ്പെട്ടവരായി കാണുന്നത്"

ഇത്രയും കേട്ട ദൈവം ഒന്നേ പറഞ്ഞൊള്ളൂ....

"അവർ മനുഷ്യരാണ്"

Sreehari
2nd BA English

കഥകൾ...

കണ്ട സ്വപ്നങ്ങളും
കാണാത്ത സ്വപ്നങ്ങളും
യാഥാർത്ഥ്യങ്ങളും
കൂടെയുള്ളവരോട് വായിച്ചറിയാൻ...



മററൊന്നിനേയും
തൊട്ടുരുമ്മി കൊണ്ടല്ല
സ്നേഹം നിലനിൽക്കുന്നത്.
അത് കലർപ്പില്ലാത്ത
കൂട്ടുകെട്ടില്ലാത്ത
ഏകാന്തമായ ഒന്നാണ്,
അത് ശുദ്ധമാണ്
അതിന് മററൊരു പാഠവും
പഠിക്കേണ്ടതില്ല.!

എന്റെ അമ്മ

അടുക്കള കോലായങ്ങളിൽ പുകമറയടിച്ച വിടവിലൂടെ ഞാൻ നോക്കുൻമ്പോൾ അവിടെ നിഴലിച്ച ശബ്ദം മാത്രമായി ഞാൻ കേട്ടു. ആരുടേതായിരുന്നു താരാട്ട് പാട്ടിന്റെ ഈണം. എന്നോട് ചേരുൻമ്പോൾ സുഖ നിദ്രയിലേക്ക് വീഴുൻമ്പോൾ ആരോഗ്യം രോഗങ്ങളോട് കീഴടങ്ങുൻമ്പോൾ പ്രതിരോധിക്കാൻ കഴിയാതെ വന്നപ്പോൾ നെഞ്ചോട് ചേർത്ത് പാടിയുറക്കിയത് ആരായിരുന്നു.

തിരിച്ചറിഞ്ഞ കാലം മുതൽ മനസ്സോട് ചേർത്ത് ഞാൻ വരച്ച മുഖം കരിഞ്ഞ പാടുകൾ തുടച്ചുമാറ്റിയെടുത്തപ്പോൾ ഞാനറിഞ്ഞു. "അത് എന്റെ അമ്മയായിരുന്നു"

Vibitha AV
2nd Bcom CA

ഒരു വയസ്സൻ സെൽഫി

വിദേശത്തുള്ള മക്കളും കൊച്ചുമക്കളും മൂന്ന് നേരവും വാട്സപ്പ്, സ്കൈപ്പ്, വൈബർ ഇത്യാദികളിലൂടെ സ്നേഹിച്ചു ശ്വാസം മുട്ടിച്ചു. ഫേസ്ബുക്കിലെ കുടുംബ മഹിമ, വംശ മഹിമ, ദേശ മഹിമ, ഇത്യാദി ഗ്രൂപ്പിൽ പ്രതിഷ്ഠിക്കപ്പെട്ട് ലൈക്ക് അടിച്ചു. വാർധക്യത്തിൽ മരണാസന്നയായി കിടന്ന കുഞ്ഞുലക്ഷ്മിയമ്മയോട് വെന്റിലേറ്ററിൽ നിന്ന് നീക്കി. “ഇനിയെന്തെങ്കിലും ആഗ്രഹം ബാക്കിയുണ്ടോ അമ്മേ...?” എന്ന് മൊബൈലിനു മുന്നിൽ ഗദ്ഗദകണ്ഠനായി ആരാഞ്ഞ്, വെള്ളം കൊടുക്കാൻ മൂത്ത മകന് തുനിയവേ മകന്റെ മൊബൈലിലേക്ക് വിറക്കുന്ന കൈ നീട്ടി അമ്മ പറഞ്ഞു : “നിക്കടാ മക്കളേ.. ഞാൻ ഒരു സെൽഫി എടുത്തോട്ടെ”. ക്ലിക്കടിക്കും മുൻമ്പ് എന്നെന്നേക്കുമായി കണ്ണടഞ്ഞുപോയ അമ്മയുടെ ഫോട്ടോക്കും ചരമ അറിയിപ്പിനും ഒറ്റയടിക്ക് കിട്ടിയത് 5000 ലൈക്ക്.

Vibitha AV
2nd Bcom CA

ഞാനരു അഹങ്കാരി

കുട്ടിക്കാലം മുതല് കാണാന് തുടങ്ങിയതാണ് ആഗ്രഹത്തിനും സ്വപ്നങ്ങള്ക്കുമേല് മറ്റരു കൈ. എന്താണ് എന്ന് മനസ്സിലായില്ല. സ്വന്തം അമ്മ തന്നെ പല കാര്യത്തിലും വിലക്കി. വളര്ന്നു വരുംതോറും മനസ്സിലായി, നമ്മുടെ സമൂഹത്തില് പെണ്കുട്ടികള്ക്ക് പലതും ചെയ്യാന് പാടില്ല എന്നെല്ലാം ചെറുപ്പത്തില് പലതവണ ആഗ്രഹിച്ചു... രു ആണ്കുട്ടി ആയിരുന്നെങ്കില് ഇഷ്ടമുള്ളിടത്ത് പോവാം... ഇഷ്ടമുള്ളത് കഴിക്കാം... അങ്ങിനെ രുപാട് ആഗ്രഹങ്ങള്കണ്ടെല്ലാം... വളര്ന്നു വരും തോറും ഞാന് എന്റെ മനസ്സിന്റെ ഇഷ്ടങ്ങളുമായി പരുത്തപ്പെടാന് തുടങ്ങി. സമൂഹത്തിലെ അനാചാരങ്ങളെ ഞാന് കണ്ടില്ലെന്ന് നടിച്ചു പതിയെ സമൂഹത്തില് എനിക്ക് രു പേരു വീണു "അഹങ്കാരി". ഞാന് വളരെ അഭിമാനത്തോടെ പറയുന്നു ഞാന് രു അഹങ്കാരിയാണെന്ന് കാരണം ഞാന് ജീവിക്കുന്നത് മറ്റാരോ എഴുതിവെച്ച അനാചാരങ്ങള് അനുസരിച്ചല്ല. എന്റെ ഇഷ്ടങ്ങള്ക്കനുസരിച്ചാണ് സ്വപ്നങ്ങള്ക്ക് വേണ്ടി മാത്രമാണ്. എന്നെവച്ച് മറ്റുള്ളവരുടെ ജീവിതത്തിലേക്ക് ഞാന് രു കരിനിഴലായി വരുന്നില്ല. ആരുടേയും ഇഷ്ടങ്ങള്ക്ക് വിക്കല്ല. അഹങ്കാരിയെന്ന് നിങ്ങള് തള്ളിപ്പറയുമ്പോള് നിങ്ങള് കാണുന്നില്ലാ അടുക്കളയുടെ നാല് ചുവരുകള്ക്കുള്ളില് ആഗ്രഹങ്ങളും സ്വപ്നങ്ങളും മോഹങ്ങള്ക്കുമേല് കരിപ്പുരണ്ട ജന്മങ്ങളെ നിങ്ങള് കണ്ടില്ല. രിക്കല് എങ്കിലും സ്വന്തം വീട്ടിലെ നാലു ചുമരുകള്ക്കുള്ളില് നിന്നും നീലാകാശത്തേക്ക് പറക്കാന് കതിക്കുന്ന മനസ്സിനെ മനസ്സിലാക്കൂ. അന്ന് മനസ്സിലാവും നിങ്ങള് അഹങ്കാരിയെന്ന് മുദ്രകുത്തിയവള് ജീവിതത്തില് വിജയിച്ചെന്ന സത്യം. തള്ളിപ്പറഞ്ഞവള് ശരിക്കും യാഥാര്ത്ഥ്യത്തിന്റെ സ്തരീ ജന്മം.

Vineesha TP
1st BCom Co-op

സ്വപ്നത്തിലെ ഗോൾ

നേരം പുലർന്നു...... തെളിഞ്ഞ പ്രഭാതം..... കിളികളുടെ കളകള നാദം അന്തരീക്ഷം

"എടാ അൻവറേ എണീക്കെടാ.... ദാ നിന്റെ കൂട്ടുകാർ വന്നിരിക്കുന്നു...."

ഉമ്മയുടെ വിളികേട്ട് അൻവർ എഴുന്നേറ്റു. ഉമ്മറത്ത് എത്തി കണ്ണുതുറന്ന് നോക്കിയപ്പോൾ അവന്റെ കൂട്ടുകാർ കൂട്ടമായി നിൽക്കുന്നു. "എടാ അൻവറേ ചതിക്കല്ലെടാ.... ഇന്ന് കളിയുള്ള കാര്യം നിനക്ക് അറിയുന്നതല്ലേ.... ന്നാ വേഗം പോയി റെഡിയായി വാ.... ഇന്നത്തെ മാച്ചിൽ നമുക്ക് ജയിക്കണം.. അല്ലെങ്കിൽ ബെറ്റ് പൊളിയും...." ഇടയിൽ ആരോ പറഞ്ഞു..

ഞാൽ പെട്ടെന്ന് തന്നെ ബൂട്ടും ജഴ്സിയും മാറ്റി പുറപ്പെട്ടു.

"എടാ ഇജ്ജ് ചായ കുടിക്കിണില്ലെ..." "പുറകീന്ന് വിളിക്കല്ലേ ഉമ്മാ..... കളി തോറ്റാൽ ഇങ്ങടെ അൻവറെ തീരെ ചായ കുടിക്കാന് ഉണ്ടാവില്ല..."

ഗ്രൗണ്ടില് എല്ലാവരും എത്തിയിരിക്കുന്നു. വേദിയിൽ അനൗൺസ്മെന്റ് തുടങ്ങിയിരിക്കുന്നു. "യുവ മനസ്സുകളുടെ ഹൃദയം കവരുന്ന നൂനതമായ നിറവെളിച്ചം പകർന്ന് കൊണ്ട് ഇതാ മത്സരം തുടങ്ങുന്നു." അങ്ങനെ നീണ്ടുപോയി കളിയുടെ വർണനകൾ.

നീട്ടിവിളിച്ച വിസിലോടുകൂടി കളി ആരംഭിച്ചു. ആകാംക്ഷയുടേയും ആഹ്ളാദത്തിന്റെയും പ്രതീക്ഷയുടേയും നിമിഷങ്ങൾ... അൻവറിന്റെ കൂട്ടുകാർ അവന്റെ ഗോളും കാത്ത് ആർപ്പു വിളിയും നടത്തുകയാണ്.

ഒന്നൊന്നായി നിരന്തരം ഗോളുകൾ അടിച്ചുകൊണ്ടിരിക്കുന്നു. ഗാല റിയിൽ കളി തുടർന്നുകൊണ്ടേ ഇരുന്നു. കളി അവസാനിക്കാൻ ഒരു ഗോൾ മാത്രം സമനിലയിൽ പോകുന്നതിനാൽ ആരാണോ ഗോൾ അടിക്കുന്നത് ആ ടീം വിജയിക്കും.

അതാ കളിക്ക് അവസാനം കുറിച്ചുകൊണ്ട് ആ അവസാന ഗോൾ അൻവർ തന്നെ അടിച്ചു. ഗാലറി മൊത്തം ഇളകി മറിഞ്ഞു. "ഗോൾ..... ഗോൾ..... ഞാൻ ഗോളടിച്ചേ....." നട്ടപ്പാതിരക്ക് കട്ടിലിൽ നിന്നും അൾഎഴുന്നേറ്റ് ഉറക്കെ പറയുന്നു. അപ്പുറത്ത് താഴെ "അള്ളാ..... പടച്ചോനേ... ന്റെ നടുവൊടിഞ്ഞേ....." കരച്ചിൽ കേട്ട് അവൻ

കണ്ണുതിരുമ്മി നോക്കിയപ്പോൾ അവൻ കണ്ടത് നിലത്തു കിടക്കുന്ന ബാപ്പ.

"എപ്പോഴും കളി കളി എന്നൊരു വിചാരം മാത്രേ ഉള്ളൂ.... ഇജ്ജൊന്നും ഗുണം പിടിക്കൂല...."

ആ വാക്കുകൾ ഇപ്പോഴും അൻവറിന്റെ ചെവിയിൽ മുഴങ്ങുന്നു. സ്വപ്നത്തിൽ ഗോളടിച്ചതും ബാപ്പയെ ചവിട്ടി താഴെയിട്ടതും എല്ലാം ഇന്നലെ കഴിഞ്ഞ പോലെ.

ജീവിതത്തിൽ ഇത്തരം ചെറിയ വേദനകളും നഷ്ടങ്ങളും പിന്നീട് ആലോചിക്കുമ്പോൾ ഓർക്കാനിഷ്ടപ്പെടുന്ന നല്ല ഓർമ്മകളായി മാറുന്നു. ബാപ്പയുടേയും ഉമ്മയുടേയും വേര്പാടിൽഗൾഫിൽ കഴിയുന്ന അൻവർ ഇപ്പോഴും കുട്ടിക്കാലം ഓർറുണ്ട്. ഇതുപോലെ ഏതൊരു ഗൾഫ് മലയാളിക്കുമുണ്ടാവും ഇത്തരം തമാശകളും ഓരോ സ്വപ്നങ്ങളും. ഓർമകൾ നശ്ടമായ ഒരു നല്ല വസന്തകാലമായി എന്നും നില നിൽക്കുന്നു. ..

Ashkar asees Ma
2nd Bcom CA

പലവക

പറഞ്ഞ് പറഞ്ഞ് തീർന്നിട്ടും
പറയാൻ ഇനിയും ബാക്കിയുണ്ട്.
ഒരിക്കലും മറക്കാത്ത കുറെ ഓർമകളും
ഓർമകൾക്ക് നിറം നൽകിയ സൗഹൃദങ്ങളും
മറക്കാനാവാത്ത നിമിഷങ്ങളും
പിന്നെയും പറയാൻ ബാക്കിവെച്ചത്.


ആളോഴിഞ്ഞ വരാന്തകൾ
ഒരു ഓർമപ്പെടുത്തലാണ്.
കാലത്തിന്റെ കുത്തൊഴുക്കിന്റെ

അറിവിന്റെ നിറവ് അലങ്കാരമെങ്കിലും
നേടിയ അറിവിനാൽ
ജീവിതം നിറയട്ടെ...

The world's five most powerful women for the year 2018

1. Angela Merkal (4th Spot) Germay

Angela Merkal, chancellor, Germany (NO:4) remains the world's most powerful woman. Having just been re – elected, the most powerful woman in the world shows no sig of relinquishing her crown.

2. Theresa may (14th spot) United kingdom

United kingdom prime minister Theresa may is the second most influential woman in the world for 2018

3. Christine Lagarde (22nd spot), France

Christine Lagarde, Head of the international monitory Fund, Found herself at the 22nd spot. She had previously been the first female chairwoman of law firm bake & Mackenzie

4. Mary Barra, (53rd spot), United states.

Marry Barra, CEO of general motors took the 53rd spot. The 55- year old was the first woman to hold the position and has overseen the company's move in to technology. This year, she also joint Disney's board.

5. Abigail Johnson, (70th Spot), United states

President and CEO of Fidelity investments, Abigail Johnson, took the 70th raking In the list. Johnson's company is determined to tackle sexual abuse at her company and in the industry.

Shilpa Pa

3rd Bcom CA

പ്രളയം പ്രണയം

തായേ്വരറുത്ത മണ്ണിലാണിനി
വിപ്ളവം.
മഴ കടിച്ചുതുപ്പിയ പച്ച
മനുഷ്യന്റെ ജീവിതം.
ദുരിതം പേറി
ക്യാമ്പിലെത്തിയവന്റെ
ബ്രേക്ക് ഫാസ്റ്റ്, ക്യൂ നിന്നുകിട്ടിയ
ആശ്വാസക്കഞ്ഞിയിലേക്ക്
മാറിയ ജീവിതം.0

കുഷ്യന് മെത്തയില് എസി
തണുപ്പില്
ഉറങ്ങിയവനും,
ചകിരിക്കിടക്കയില് വിശറിക്കാ
റ്റില്
ഉറങ്ങിയവനും
ഓരേ തറയിലെ
പുല്പായയില് നിന്നും, കിടന്നും
സൊറ പറഞ്ഞ് കൂടെ കൂടിയ
ക്യാമ്പിലെ അന്തേവാസി.
ഫ്ളാറ്റിലെ
അയല്വാസിയായിരുന്നെന്ന
തിരിച്ചറിവും പ്രളയം തന്ന
വിപ്ളവം.
ഓണവും പെരുന്നാളും
മതത്തിന്റെ പല്ലിളിപ്പില്ലാത്ത
മനുഷ്യര് ഓരുമിച്ചാഘോഷിച്ച
നാളുകള്
രണ്ടാള്പൊക്കം മതില്ക്കെട്ടി
'വിദേശി' യനെ
കാവല്ച്ചങ്ങലയില് കെട്ടിയവ
നെ
ക്യാമ്പില് കണ്ട ബോര്ഡ്
തലകുത്തി നിന്ന് ചിരിക്കുന്നു.
'അന്യര്ക്കു പ്രവേശനമില്ല'
കുത്തൊഴുക്കില് ഓലിച്ചു പോയ
കൂട്ടത്തില് മനസ്സിലെ
അന്ധകാരവു-
മുണ്ടെന്നതു ശരിയെങ്കില്
'ഇനി ഇവിടം സ്വര്ഗ്ഗം'

Sujila K
1st year B-Com Co-op

വിരഹം

ആദ്യമായ് കണ്ട ആ നാള് തൊട്ടേ
മനസ്സില് കൊണ്ടു നടന്നൊരിഷ്ടം....
അറിഞ്ഞോ അറിയാതെയോ
തോന്നിയൊരിഷ്ടത്തെ
മനസ്സില് കൊണ്ടു
നടന്നന്നുമുതല്....

ആരോടും പറയാതെ പറഞ്ഞു
നടന്നു ഞാന്...
ആത്മാവില് ചേര്ത്തൊരാ
പ്രണയ മുകുളത്തെ....
ഇഷ്ടമല്ലത് മറ്റെന്തോ ആണെന്ന്....
ആരോ
വന്നൊരെന് ചെവിയിലതോതി...

ഓരോരോ നാള് കഴിഞ്ഞു
പോകുന്തോറും.....
പ്രണയ മുകുളം വളര്ന്നു
ഞാനറിയാതെ
എന്തിനോ തോന്നിയൊരിഷ്ടത്തെ
ഞാന്....
ആര്ക്കെന്നറിയാതെ മണ്ണിട്ടു
മൂടി...

മറ്റെവിടേം കണ്ടില്ല... ആ
കണ്ണില് കണ്ടത്...
ആരോടും തോന്നീല... ആ
ഹൃദയത്തില് തോന്നീത്...
അറിയാതെ പോയതോ...
വേണ്ടെന്നു വെച്ചതോ...
അറിയില്ല എന്നിലെ വിരഹ
ഗാഥയെ.....

അപരിചിതന്
Bcom CA

DEVELOPMENT

He is become starting and
search for a grain,
she is become pregnant and
runs for beard it,
he is a drunkard and
happy to get its gst,
she is a sicker and
croul for a drop of medicine.

They just look them and suggests country have been more development, they take Gandhi and go for making India.

Shafeena K
1st Bcom CA

ഭയം

ഇന്ന് നമ്മുടെ സമൂഹത്തിൽ അതിശക്തമായ വികാരമാണ്. ഭരണകൂടവും മതങ്ങളും ദൈവങ്ങളും സദാചാര സ്ഥാപനങ്ങളുമെല്ലാം നില നിൽക്കുന്നത് ഭയത്തെ ഉപയോഗപ്പെടുത്തിയാണ്. ഭയത്തെ കീഴ്പെടുത്താൻ ആകാത്തവർക്ക് സനേഹം പോലും അപ്രാപ്യമാണ്.

ഭയപ്പെടുത്തി കീഴ്പെടുത്തുന്നവരെ ലോകത്തെ അടിമകളാണ് നാം. തുറന്ന ആകാശവും, പരന്ന വെളിച്ചവും, ശബ്ദിക്കുന്ന കണ്ഠനാളവും, ചലിക്കുന്ന നാവും നശ്ടപ്പെട്ടവര്. മോചനത്തിനുള്ള ഏക മാർഗ്ഗം ഭയത്തെ കീഴ്പെടുത്തലാണ്. ഒച്ചയില്ലാതാക്കി നിശബ്ദത കൊണ്ട് അവർ ഭയം സൃഷ്ടിക്കുന്നിടത്ത് ശോഷിച്ചതെങ്കിലും ശേഷിക്കുന്ന ഒച്ചകൊണ്ട് നാം ചെറുത്ത് നില്ക്കണം. അവിടെ വാക്കിന്റെ അഭംഗിക്കും വൈകല്യത്തിനും പ്രസക്തിയില്ല. വാക്കിനു മാത്രമേ ഉള്ളൂ.

ഒച്ചിഴയുന്ന വേഗത്തിൽ ചലിച്ചായാലും ഈ ഒച്ചയില്ലാ ഒച്ചകൾ ഭയത്തിന്റെ തീവ്രമുഖമായ

നിശബ്ദതയെ പൊട്ടിച്ചെറിയുമെന്ന
ശുഭപ്രതീക്ഷയോടെ

മുനവിർ കെഎം
3rd Bcom Ca

നിശ്ചലമാകുന്ന ദിനങ്ങൾ

Munawir Km
2nd Bcom CA

ഒരുപാട് പ്രതീക്ഷകളോടെയാണ് ഞാൻ ആദ്യമായി കലാലയത്തിലേക്ക് കടന്നുവന്നത്. ക്ലാസ്സ് കട്ട് ചെയ്തു നടക്കലും കാന്റീനിലും ഗ്രൗണ്ടിലും കറങ്ങി നടക്കലും മറ്റുമായിരുന്നു എന്റെ സ്വപ്നത്തിലെ കലാലയ ജീവിതം. എന്നാൽ സംഭവിച്ചത് സ്വപ്നങ്ങൾക്ക് വിരാമമിട്ട് മറ്റൊന്നായിരുന്നു. പ്രതിമയെ പോലെ അന്തം വിട്ടിരുന്ന ദിനങ്ങളായിരുന്നു പിന്നീടങ്ങോട്ട്. ടീച്ചർമാർ പഠിപ്പിച്ചേ അടങ്ങൂ എന്നായപ്പോൾ പിന്നെ അവിടെ നിന്ന് രക്ഷപ്പെടാനുള്ള കുറുക്കുവഴികൾ തേടിയായിരുന്നു എന്റെ യാത്ര. സംഭവ ബഹുലമായ ഈ വർഷം പൊതുവേ വിരസമായിരുന്നു എങ്കിലും കട്ടക്കുള്ള സൗഹൃദങ്ങളും ചില്ലറ പ്രണയങ്ങളും ഗംഭീരമായ തേപ്പും ഒരു വ്യാഴ വട്ടത്തിൽ മാത്രം പൂക്കുന്ന നീലക്കുറിഞ്ഞി പോലെ ഹോളിഡേയ്സും വിവിധ ഫെസ്റ്റുകളും ആഹ്ലാദങ്ങൾ തന്നെയായിരുന്നു.

എല്ലാം സിംബിളായി എടുക്കുന്നവരാണ് ക്ലാസ്സിലെ മിക്കവരും. എങ്കിലും പഠിക്കാതിരിക്കുന്നതിൽ ഞങ്ങളെല്ലാവരും ഒറ്റക്കെട്ടാണ്. ഇതിൽ പഠിക്കാൻ വേണ്ടി വരുന്ന ചിലരെങ്കിലും ഉണ്ട്. ക്ലാസ്സിൽ ദുരൂഹതകൾ കണ്ടുപിടിക്കാൻ വേണ്ടി ഞങ്ങളുടെ ബാച്ചിന് സ്വന്തമായ സാറ്റുലൈറ്റുകൾ വരെയുണ്ട്. കോളേജിനെ വെല്ലുന്ന ചില പ്രകടനങ്ങൾ ഉണ്ടായി. നേരത്തെ സൂചിപ്പിച്ച ചില്ലറ പ്രണയങ്ങൾ കാലത്തിനനുസരിച്ച് മാറിക്കൊണ്ടിരുന്നു. ആദ്യം കണ്ടാൽ സ്നേഹം, ആത്മാർത്ഥത തുടങ്ങിയവയൊന്നും പിന്നീട് പലരിലും കണ്ടില്ല. ഇതിനിടയിൽ സംഘർഷഭരിതമായ ഒരുപാട് സാഹചര്യങ്ങളിലൂടെ പലരും കടന്നുപോയെങ്കിലും സൗഹൃദത്തിന്റെ കരുത്തിൽ ഒരുപാട് പേര് വിഴാതെ പിടിച്ചു നിന്നു.

ശബ്ദമായും പിന്നെയും ആഘോഷങ്ങൾ കടന്നു വന്നു. പൊലിമയില്ലാത്ത പൊരിച്ച കോഴിയുടെ മണമുള്ള ഇഫ്താർ മീറ്റും നടത്തി. ഉണർന്നിരിക്കുന്ന സമയം കുറഞ്ഞു. ഉറക്കം കൂടി. യാതൊരു വിധ മടിയും കൂടാതെ ആദ്യ പിരിയഡ് പകുതിയാകുൻമ്പോൾ കയറിവന്ന് ഉള്ള സമയം ഉറങ്ങാനും ഞങ്ങൾ മടിച്ചില്ല. കമ്പക്കയറിന്റെ വണ്ണമുള്ള ഓണക്കാഴ്ചകളും സമ്മാനപൊതിയുള്ള ക്രൃസ്തുമസും, താളം തെറ്റുന്ന ഒപ്പനപ്പാട്ടുകളും ഞങ്ങൾ ആസ്വദിച്ചിരുന്നു എന്ന് ഇപ്പോൾ തിരിച്ചറിയുന്നു. ഈ വൈകിയ വേളയിൽ കുറച്ചു കാലം കൂടി........ ഈ നിറമുള്ള ഓർമ്മകളെ മറവിയുള്ള കൈകളിലേക്ക് കൊടുക്കാതെ ആസ്വദിക്കുകയാണ് ഓരോ ദിനങ്ങളും...

Invalesco

Invalesco
Royal College Union 2018-19
Royal
Fest

College Union 2018 - 2019

Jitheesh
Chairman

Ameera
Vice Chairman

Munawir K M
General Secretry

Chithra
Joint Secretory

Mohammed Valeed
UUC

Mohammed Niyas
Arts Club Secretary

Ameer Ali
General Captain

Sree Hari T V
Student Editor

Mohammed Faizl V A
Commerce Rep

Muhasina
BA English Rep

Niyas
1st DC Rep

Muhammed Ajmal
Member

Arun Babu
3rd DC Rep

Editorial Board

Geetha Rani P K
Chief Editor

Maneesh T M
Staff Editor

Supriya K P
Staff Advisor

Sree Hari T V
Student Editor

Munawir K M
Member

Muhammed Salih
Member

Muhammed Ali P R
Member

Mohammed Hijas
Member

Muhammed Ajmal
Member

Syamjith K S
Member

Mohammed Nusaib T T
Member

Ameer Ali
Member

Mohammed Valeed
Member

ഏറ്റവും വിശുദ്ധവും മനോഹരവുമായ സമർപ്പണ
വേദിയാണിത്...
കണ്ണീരും, കിനാക്കളും
സ്നേഹവും, ആത്മബന്ധവും
ആന്തരിക സംഘർഷവും, നിശബ്ദതയും
പ്രാർത്ഥനയും, നൊമ്പരവും സ്പന്ദിക്കുന്ന
കലാലയം ഈ പേജുകളിലുണ്ട്..
പറയാൻ ഒരുപാടുണ്ട്
എന്നാൽ
പറഞ്ഞു തീരാത്തവയും പറയാൻ മറന്നതുമായിരിക്കും
അതിനേക്കാൾ ഒരുപാടെന്ന് തീർച്ച.
കലാലയ വഴിയിടങ്ങളിൽ
പിമ്പേവരുന്നവർക്ക്
നന്മകൾ നിറഞ്ഞ വഴി തെളിയിക്കാൻ കഴിയുമെന്ന പ്രതീക്ഷ
യിൽ
പഠനത്തിനും പരിഭവങ്ങൾക്കുമിടയിൽ
ഓർമ്മ പുസ്തകത്തിൽ കുറിച്ചിട്ട
ഈ വരികൾ തേടുന്നത്
ആത്മബന്ധത്തിന്റെ നല്ല നാളുകളാണ്.
അക്ഷരവെളിച്ചത്തിന്റെ വലിയ അടയാളപ്പെടുത്തലുകളാകാൻ
ഈ കലാലയ മാഗസിന്
കഴിയുമെന്ന് പ്രതീക്ഷയോടെ...

T M Maneesh
(Staff Editor)

കലാലയം...
അവിടെ കാമ്പുള്ള കലഹങ്ങൾ ഉണ്ടാവണം.
വേരൂന്നിയ സൗഹൃദങ്ങൾ ഉണ്ടാവണം
ഹൃദയങ്ങൾ തമ്മിൽ പ്രണയം തളിർക്കണം
നിറമാർന്ന സ്വപ്നങ്ങൾ പിറക്കണം..
മായാത്ത ഓർമകൾ വിരിയണം..
ഇടനാഴികളിൽ ആർപ്പിന്റെ താളം തളം കെട്ടി
നിൽക്കണം...
പുസ്തകങ്ങൾ കഥകൾ പറയണം
മരച്ചില്ലകളിൽ തോരണങ്ങൾ തൂങ്ങണം
ഇലകളും പൂക്കളും പാട്ടുകൾ പാടണം
എങ്കിലേ...
ചില്ലകളിൽ നിരാശയുടെ കുരുക്കൾ നിറയാതിരിക്കൂ
ചുവരുകൾ ചോരയുടെ മണം നുകരാതിരിക്കൂ..
ജീവിതങ്ങൾ അവിടെ അവസാനിക്കാതിരിക്കുന്നു.

പിൻവാക്ക്
ഇവിടെ ഒന്നും അവസാനിക്കുന്നില്ല...
പുതിയ വസന്തവും വർഷവും കാത്ത്,
പുതിയ കാവ്യങ്ങൾക്ക് കാതോർത്ത്
ഈ സ്വർഗഭൂമി ഇവിടെയുണ്ടാകും
പുതിയ കിനാക്കളുടെ സൗരഭ്യവും പേറി
ഇളംതെനന്നൽ
ഇനിയും ഇവിടെയെത്തും
പ്രതീക്ഷയുടെ പുഞ്ചിരിയുമായി
ആദിത്യൻ ഇനിയുമുദിക്കും
പുതുമലരുകൾ വിടരും
ഈ മരത്തണലുകളിൽ ഇനിയും ഒരുപാട്
സൗഹൃദങ്ങൾ പൂക്കും
എന്നാൽ എന്റെ ദൗത്യം ഇവിടെ പൂർത്തിയാവുകയാണ്
അവകാശ വാദങ്ങളൊന്നുമില്ലാതെ
ഇതും നിങ്ങളിൽ എത്തിച്ചു കഴിഞ്ഞു
എത്രപറഞ്ഞാലും പിന്നെയും പറയാൻ
മറന്നതുതന്നെയായിരിക്കും
മനസ്സിലുണ്ടാകുക.
നിങ്ങളുടെ പ്രതീക്ഷകൾ ഇവിടെ നിറംകെട്ടുപോയെങ്കിൽ
എന്നോട് ക്ഷമിക്കുക

സ്നേഹപൂർവ്വം
എഡിറ്റർ

ആർത്തിരുമ്പുന്ന തിരമാലകൾപോലെയാണ് ഓർമ്മകൾ അത് നമ്മളെ വേദനിപ്പിക്കും. ചിലപ്പോൾ ചിരിപ്പിക്കും കരയിപ്പിക്കും അല്ലെങ്കിൽ ആ കാലത്തിലേക്ക് സ്വർഗ്ഗ തുല്യമായ അനുഭൂതിയിലേക്ക് കൊണ്ടുപോകും അത്രക്ക് കരുത്തുണ്ട് ചില ഓർമകൾക്ക്.
നിറങ്ങളും സ്വപനങ്ങളും ഏറെ നിറഞ്ഞൊഴുങ്ങുന്നതാണ് കലാലയ ജീവിതം തിരിച്ചു കിട്ടാത്ത മധുരമുള്ള ഒരുപിടി നല്ല ഓർമ്മകൾ മയിൽപ്പീലി ആകാശം കാണിക്കാതെ സൂക്ഷിക്കുന്നപോലെ അന്നത്തെ ഓരോ നിമിഷവും ഒരു സ്പന്ദനമായി മനസ്സിൽ കാത്തുസൂക്ഷിക്കുന്നു.
എത്രയോ സൗഹൃദവും ഇണക്കവും പിണക്കങ്ങളും നൊമ്പരങ്ങളും വിരഹങ്ങളും അവിടെയുണ്ടാകും.

ഒരുപാട് ഒരുപാട്
പറഞ്ഞു തീരാത്ത ഓർമ്മകളും
സ്നേഹവും സങ്കടവും ബാക്കിയാക്കി
വിടപറയുകയാണ്
ഒരു പക്ഷേ ഇനിയും അടുത്ത വരവിലും ഈ കലാലയവും
വരാന്തകളും നമ്മോട് പറയാൻ മറന്നത്
സൂചിപ്പിക്കുമായിരിക്കും
പിന്നെയും കലാലയത്തിലേയ്ക്ക് കടന്നുവരുമ്പോൾ
പറയാൻ മറന്നത് പിന്നെയും ഓർമകളായി
കടന്നുവരും
പറയാൻ ഒരുപാട് ഉണ്ടായിട്ടും പറായാൻ
മറന്നവയായിരിക്കും ഒരുപാട് ഒരുപാട

GOLDEN
FLORA
WHITE SQUARE MALL
EDARIKODE-KOTTAKKAL
MALAPPURAM,676501
KERALA,INDIA
9995769945,8129566248,
9745193535
Planning to
Study Abroad
Consult the Leader

GOLDEN
FLORA
WHITE SQUARE MALL
EDARIKODE-KOTTAKKAL
MALAPPURAM,676501
KERALA,INDIA
9995769945,8129566248,
9745193535
Overseas
Education
Consultants


ഒരു വിടവാങ്ങൽ കൂടി
ഞാൻ പോകുന്നു
എനിക്ക് പോകേണ്ടിയിരിക്കുന്നു
ഈ മനോഹര തീരത്തു നിന്നും
മുറിവുണങ്ങാത്ത ഓർമ്മകളുമായി
ഈ ചിത്രശലഭങ്ങൾക്കിടയിൽ നിന്നും
ജീവിതങ്ങളുടെ അർത്ഥം പറഞ്ഞുതന്ന
ഈ ഭൂമിയിൽ നിന്നും
ആരും ആർക്കും പകരമാകില്ലന്നറിയാം
ഒന്നും ഒന്നിനും പകരമാകില്ലന്നറിയാം
പക്ഷേ
പ്രകൃതിയെ നോവിച്ചാൽ
ഒരിക്കലും പറഞ്ഞു തീർക്കാൻ കഴിയാത്ത്
പ്രകൃതി നൽകിടും എന്നതോർക്കുക...